മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 41 THE ONLINE OFFICIAL NEWS BULLETIN 2024 September 19

SEASON OF CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
2nd Sunday after the Holy Cross ♪2 22	 101st Mem. of Alvaris Mar Yulios (St. Mary's, Panchim, Goa) ♪6 23	Comme. of St. Dimeth the Persian ♪2 24	 130th Mem. of H.H.Ignatios Peter III Patriarch ♪6 25	♪2 26	♪6 27	 27th Mem. of Philipose Mar Theophilos ✠ (Aluva Thrikkunnathu Seminary) ♪2 28



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തിരുവനന്തപുരം കേന്ദ്രമാക്കി ആരംഭിക്കുന്ന പബ്ലിക് റിലേഷൻ സെന്ററിന്റെ ശിലാസ്ഥാപനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പ്രസംഗിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 'സമ്പൂർണ സൗഖ്യ" ആയുർവേദ ഹോസ്പിറ്റലിന്റെ കൂദാശാ കർമ്മം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. കെ. എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പ, മത്തായി റമ്പാൻ, ഫാ. കെ. എം. സഖറിയ, മലങ്കര സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ, മെത്രാസന കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



സ്ലീബാദാസ സമൂഹത്തിന്റെ ശതാബ്ദി

പരുമല: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്ലീബാദാസ സമൂഹത്തിന്റെ ശതാബ്ദി സമ്മേളനവും കുടുംബ സംഗമവും പരുമല സെമിനാരിൽ നടന്നു. സ്ലീബാദാസ സമൂഹം അധ്യക്ഷൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. പരിശുദ്ധ കാതോലിക്ക ബാവ സമ്മേളനം ഉദ്ഘാടനം ചെയ്തു. പി. സി. സിറിയക് IAS മുഖ്യ സന്ദേശം നൽകി. ജനറൽ സെക്രട്ടറി ഫാ. ഡോ. സോമു കെ. സാമുവേൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വറുഗീസ് അമയിൽ, പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പൻ ഫാ. ബിജു പി. തോമസ, റെജി മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. ഡോ. കുര്യൻ തോമസ് എഡിറ്റ് ചെയ്ത ആറ് പുസ്തകങ്ങളുടെ പ്രകാശനം നടന്നു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക ഓൺലൈൻ ചാനലായ കാതോലിക്കേറ്റ് ഓൺലൈൻ മീഡിയായുടെ ലോഗോ പ്രകാശനം പ. കാതോലിക്കാ ബാവാ നിർവഹിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ സന്നിഹിതരായിരുന്നു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

55. തെങ്ങുന്തറയിൽ ഗീവറുഗീസു കത്തനാർക്കു. മകൻ ജോർജുകുട്ടിയുടെ കല്യാണത്തിൽ വധൂവരന്മാർക്കു മംഗളം ആശംസിച്ചുകൊള്ളുന്നു എന്നു. ടി തീയതി. ടി സ്ഥലം.

56. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. വടക്കൻ പള്ളികളിലേക്കുള്ള സഞ്ചാരത്തെയും പിറവം യോഗത്തെയും മറ്റും സംബന്ധിച്ച്. 1096 മകരം 23-നു. ടി സ്ഥലം.

57. മട്ടയ്ക്കൽ മല്പാന്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

58. പറക്കോടു പള്ളിക്കാർക്കു. അടുത്ത 27-നു ബുധനാഴ്ച ... ആ പള്ളിയിലെത്തുന്നതിനു തക്കവണ്ണം വാഹനങ്ങൾ മുതലായവ എത്തിച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

59. ഗ്രീഗോറിയോസു മെത്രാച്ചന്. എ. ഐ. തോമസ് വക്കീലിന്റെ പേർക്കുള്ള വക്കാലത്തു ഫാറവും (ഒപ്പിട്ടു സാക്ഷ്യപ്പെടുത്തിച്ചു) തിരുവല്ലാ മുൻസിപ്പൽ 1088-ൽ 537-ാം നമ്പർ കേസിലെ വിധി നടത്തുന്നതിനുള്ള ഫാറം ഒപ്പിട്ടതും സഹിതം വർത്തമാനങ്ങൾക്കു കത്തു അയച്ചു. ടി തീയതി. ടി സ്ഥലം.

60. സി. റ്റി. ഈപ്പൻ മുതലാളിക്ക്. ചിക്കാഗോ തിയോളജിക്കൽ കോളജിലെ റവ. ഡീനിന്റെ പേർക്കുള്ള സർട്ടിഫിക്കറ്റു അയക്കുന്നു എന്നു. 1096 മകരം 25. കണ്ണങ്കോട്ടു പള്ളി.

61. Rev. Dean, Chicago College, USA. ... C. T. Eapen, Travancore.

62. പാറേട്ടു മാത്യൂസ് കത്തനാർക്ക്. നിലയ്ക്കൽ സ്ഥലം നോക്കുവാൻ പോകുന്നവരുടെ ചിലവിലേക്കായി തന്റെ കൈവശമുള്ള രൂപായിൽ നിന്നു ചിലവാക്കുന്നതിനു അനുവദിച്ചിരിക്കുന്നു എന്നും മറ്റും. 1096 മകരം 25-നു. കണ്ണങ്കോട്ടു പള്ളി.

63. ഗ്രീഗോറിയോസു മെത്രാച്ചന്. കലയപുരത്തുകാരൻ ശെമ്മാശനു പട്ടം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചും പത്തനാപുരത്തെ സ്ഥലത്തെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

64. കുടശനാട്ടു പള്ളിക്കാർക്ക്. ആ ഇടവകയിൽ 5 വയസ്സും 7 വയസ്സും പ്രായമുള്ളവരായ രണ്ടു കുട്ടികൾ തമ്മിൽ വിവാഹാലോചന നടന്നുവരുന്നതായി അറിയുന്നതിൽ നിങ്ങൾ പള്ളിക്കാരാരും സംബന്ധിക്കരുതെന്നു. 1096 മകരം 26-നു. കണ്ണങ്കോട്ടു പള്ളി.

65. മട്ടയ്ക്കൽ മല്പാൻ അച്ചന്. ശെമ്മാശന്മാരുടെ ബോർഡിങ്ങിനെ സംബന്ധിച്ചും മറ്റും. 1921-നു 1096 മകരം 27-നു. കണ്ണങ്കോട്ടു പള്ളി.

66. പുത്തൻകാവിൽ പള്ളിക്കാർക്കു. അടുത്ത കുംഭം ഒന്നിനു ശനിയാഴ്ച ആ പള്ളിയിൽ എത്തുന്നതാണെന്നു. ടി തീയതി. ടി സ്ഥലം.

67. തുമ്പമൺ പള്ളിക്കാർക്ക്. അടുത്ത കുംഭം ഒന്നിനു ശനിയാഴ്ച ആ പള്ളിയിൽ കൊച്ചുമെത്രാച്ചനോടു കൂടെ എത്തുന്നതും കൊച്ചുമെത്രാച്ചനെ അവിടെ താമസിപ്പിച്ചും വച്ചു പുത്തങ്കാവിനു പോകുന്നതാണെന്നും. 1921-നു മകരം 27. കണ്ണങ്കോട്ടു പള്ളി.

68. വടക്കൻമണ്ണൂർ പള്ളിക്കാർക്കു. മേലാണ്ടേക്കു കൈസ്ഥാനികളെ തിരഞ്ഞെടുത്തു ചുമതലയേല്പിച്ച യോഗറിപ്പോർട്ടു അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

69. പുത്തൻപുരയിൽ തോമസു കത്തനാർക്കു. മദ്രാസിലെ കുട്ടികളുടെ ആവശ്യം നടത്തി കൊടുക്കുന്നതിനു അനുവദിച്ചിരിക്കുന്നു എന്നു. 1096 മകരം മാസം 28-നു കണ്ണങ്കോടു പള്ളിയിൽ നിന്നും.

70. കന്നുകുഴിയിൽ അച്ചാമ്മയ്ക്ക്. അവരുടെ കുടുംബവഴക്കിനെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

71. മട്ടയ്ക്കൽ മല്പാന്. രാജിയാലോചനയെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

72. മാരേട്ടു പീലിപ്പോച്ചന്. അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കുന്ന കാര്യത്തെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

73. തെക്കേടത്തു പുത്തൻവീട്ടിൽ ഉമ്മൻ വറുഗീസിനു. പള്ളിക്കാര്യങ്ങളും ശനിയാഴ്ച പുത്തങ്കാവിൽ എത്തുന്നതിനെ സംബന്ധിച്ചും. 1096 മകരം 28-നു. കണ്ണങ്കോടു പള്ളി.

74. കൊടുമൺ പള്ളിവികാരി വടുതലെ ഈശോ കത്തനാർക്ക്. ആ ഇടവകക്കാരിൽ ചിലരുടെ അടിയന്തിരാദികൾ മുടക്കിയിരിക്കുന്നു എന്നറിയുന്നതു ശരിയല്ലെന്നും അങ്ങനെ ചെയ്യാൻ പാടില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

74. കയ്പടയ്ക്കൽ തോമസു കത്തനാർക്ക്. കലയപുരത്തു കല്യാണക്കേസിനെ സംബന്ധിച്ചും മറ്റും. 1096 മകരം 29. കണ്ണങ്കോടു പള്ളി.

75. ചെറുവത്തൂർ പാത്തു വറിയതിന്. കുന്നംകുളത്തു ... കുഴപ്പങ്ങളെ സംബന്ധിച്ചു. ... സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

76. കലയപുരത്തു പള്ളിക്കാർക്ക്. ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം ചെയ്ത കലേപുരത്തു ... ഇടിക്കുള എന്ന നവീകരണക്കാരനായിരുന്നവനെ നമ്മുടെ അനുവാദ കല്പന കൂടാതെ ആ പള്ളി ഇടവകയിൽ ചേർക്കരുതെന്നും അവനെ പള്ളികൂദാശകളിൽ പോലും സംബന്ധിപ്പിച്ചുകൂടായെന്നും വിവരിച്ചു കല്പന കൊടുത്തു. 1096 മകരം 29. കണ്ണങ്കോടു പള്ളിയിൽ നിന്നും.

77. കണ്ണങ്കോടു വീരപ്പിള്ളിപള്ളിക്കാർക്ക്. 76-ാം നമ്പർ കല്പനയിൽ പറഞ്ഞിരിക്കുന്നയാൾ രണ്ടാമതു വിവാഹം ചെയ്തിരിക്കുന്ന കുഡുംബമായ ടി പള്ളിയിടവകയിൽ അടൂർ ചാത്തന്നൂപ്പഴമുറിയിൽ പോണാൽ തെക്കേതിൽ എന്നു വിളിക്കുന്ന ചുനക്കര പുരയിടത്തിൽ യോഹന്നാനെയും കുടുംബത്തെയും വി. സഭയുടെ സംസർഗ്ഗത്തിൽ നിന്നു വേർതിരിച്ചിരിക്കുന്നു എന്നും പന്തിഭോജനത്തിനു പോലും അവരെ സംബന്ധിച്ചു കൂടായെന്നും ഇതിനെതിരായി പ്രവർത്തിക്കുന്ന ഒറ്റയാളോ, പലരോ, മേല്പറഞ്ഞതുപോലെ വി. സഭയിൽ നിന്നു വേർതിരിഞ്ഞവരായിരിക്കുമെന്നും ... കല്പന കൊടുത്തു. ടി തീയതി. കണ്ണങ്കോടു വീരപ്പിള്ളി പള്ളി.

78. കരുവാറ്റാ പുത്തൻപള്ളി ഇടവകയോഗക്കാർക്ക്. അവിടുത്തെ കർമ്മാദികൾ നടത്തുന്നതിനു ടി വീരപ്പിള്ളിൽ പള്ളിയിലെ നാലു പേരെ പ്രായമൂപ്പുമുറ അനുസരിച്ചു ഇടവകപട്ടക്കാരായി നിയമിച്ചിരിക്കുന്നു എന്നും ദൈവമാതാവിന്റെ നാമത്തിൽ കുരിശു പ്രതിഷ്ഠ കഴിക്കുന്നതിനും ... ടി തീയതി. ടി സ്ഥലം.

1096 കുംഭം 1-നു ഉച്ചകഴിഞ്ഞു കണ്ണങ്കോടു പള്ളിയിൽ നിന്നും കൊച്ചു മെത്രാച്ചനുമൊരുമിച്ചു കാറിൽ പുറപ്പെട്ടു 3 മണിക്കു തുമ്പമൺ പള്ളിയിൽ എത്തി മെത്രാച്ചനെ അവിടെ താമസിപ്പിച്ചും വച്ചു കാറിൽ പുറപ്പെട്ടു നാലര മണിയോടു കൂടി പുത്തൻകാവു പള്ളിയിൽ എത്തി.

79. പണിക്കരു പി. റ്റി. ഗീവറുഗീസു കത്തനാർക്കു. ബഥനി മാസിക നടത്തുന്നതിനു അനുവദിച്ചിരിക്കുന്നു. ... മാനേജ്മെന്റിനെ സംബന്ധിച്ചും മാക്കാൻകുന്നിനു പോകാൻ പ്രയാസമാണെന്നും മറ്റും. 1096 കുംഭം 5-നു പുത്തൻകാവു പള്ളിയിൽ നിന്നും.

80. പാറേട്ടു മാത്യൂസ് കത്തനാർക്കു. പുലിക്കോടനെ സംബന്ധിച്ചും നിലയ്ക്കൽ സ്ഥലം നോക്കാൻ പോകുന്നതു സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

81. എൻ. ഐ. പോത്തന്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

82. എസ്സ്. തോമസു വാദ്ധ്യാർക്ക്. ഇൻസ്പെക്ടർ ആരെയാണു ഉപദ്രവിച്ചതെന്നും ആർക്കാണു ശമ്പളം കൊടുക്കാത്തതെന്നും വിവരം അറിയിച്ചു തരണമെന്നും മറ്റും. 1096 കുംഭം 5-നു. പുത്തൻകാവു പള്ളി.

83. കെ. എം. പീലിപ്പോസു ഇൻസ്പെക്ടർക്കു. അദ്ധ്യാപക മഹായോഗത്തെ സംബന്ധിച്ചു. മീന മാസത്തിൽ നടത്തണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

84. കല്ലറയ്ക്കൽ സി. എ. ഉമ്മന്. ചിറ്റപ്പന്റെ മകൻ കൊച്ചുമ്മന്റെ വിവാഹ കൂദാശയിൽ സർവ്വ മംഗളങ്ങളും ആശംസിക്കുന്നു എന്നു. ടി തീയതി. ടി സ്ഥലം.

85. ചെറുവത്തൂർ മാത്തു കുറിയാക്കുവിനു. മകൻ മാത്തുക്കുട്ടിയുടെ വിവാഹ കൂദാശയിൽ സർവ്വ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. ടി തീയതി. ടി സ്ഥലം.

86. മാവേലിക്കര കല്ലിമേൽ പള്ളിക്കാർക്ക്. ആ പള്ളിയുടെ മുതൽചുമതല മാറുന്നതിനുള്ള സമയം കഴിഞ്ഞിരിക്കുന്നതിനാൽ അത് ഉടനെ മാറുകയും പുത്തൻവീട്ടിൽ കോറെപ്പിസ്കോപ്പായുടെ കല്പനപ്രകാരം പള്ളിയുടെ പണി എത്രയും വേഗം തീർക്കയും വരിയിട്ടു കിട്ടുന്ന പണം എത്രയും വേഗം പിരിച്ചയച്ചു തരികയും വേണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

87. നെല്ലിക്കൽ പള്ളി യോഗജനങ്ങൾക്കു. നിങ്ങൾ നാളെ വെള്ളിയാഴ്ച ഇവിടെ നമ്മുടെ അടുക്കൽ വന്നുചേരണമെന്നു. 1096 കുംഭം 6-നു. പുത്തങ്കാവു പള്ളി.

88. പെരളശ്ശേരി പള്ളി യോഗജനങ്ങൾക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

89. ഇടനാട്ടിൽ പള്ളിയോഗങ്ങൾക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

90. ആറാട്ടുപുഴ പള്ളിയോഗജനങ്ങൾക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

91. നീർവിളാകത്തു പള്ളിയോഗജനങ്ങൾക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

92. കൂർത്തമല പള്ളിയിൽ പടിഞ്ഞാറ്റുംകര മുറിയിൽ താഴച്ചാൽ കൊച്ചുഞ്ഞു മുതൽപേർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

93. കൂർത്തമല പള്ളിയിൽ താഴക്കാട്ടുമുറിയിൽ തുണ്ടിടത്തിൽ ഈപ്പൻ മുതൽപേർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

94. കൂർത്തമല പള്ളിയിൽ നെല്ലിക്കൽമുറിയിൽ അഴിയിടത്തു ഇരുപ്പൂട്ടി മുതൽപേർക്ക്. ടി സംഗതി. ടി തീയതി. ടി സ്ഥലം.

95. കൂർത്തമല പള്ളിയിൽ കോയിപ്പുറം മുറിയിൽ മായാലിൽ തോമ്മാ മുതൽപേർക്ക്. നാളെ ഇവിടെ വന്നുചേരണമെന്ന്. ടി തീയതി. ടി സ്ഥലം.

96. കൂർത്തമലപ്പള്ളിക്കാർക്ക്. ആ പള്ളി മുതൽപിടിക്കു പടിഞ്ഞാറെ മായാലിൽ വറുഗീസു തോമ്മായെയും കണക്കെഴുത്തിനു കൊട്ടയ്ക്കാട്ടു ചാണ്ടിക്കുഞ്ഞോനായെയും ഈയാണ്ടേക്കു സ്ഥിരപ്പെടുത്തി നിയമിച്ചിരിക്കുന്നു എന്നും ഈയൊരാണ്ടേക്കു വികാരിയായി ആലുംമൂട്ടിൽ പത്രോസു കത്തനാരെ നിയമിച്ചിരിക്കുന്നു എന്നും. ആരെങ്കിലും ഏതെങ്കിലും കുഴപ്പങ്ങൾ നേരിടുവാകുന്നപക്ഷം ക്രമംപോലെ അനുവാദത്തോടു കൂടി അന്യായപ്പെട്ടു മുതൽ ഈടാക്കുന്നതിനു ആശാരിയേത്തു ഇരുപ്പൂട്ടി ചെറിയാനെയും ചുണ്ടമണ്ണിൽ ചാണ്ടി ഈപ്പനെയും യോഗപ്രതിനിധികളായി നിങ്ങളുടെ അപേക്ഷപ്രകാരം നിശ്ചയിച്ചിരിക്കുന്നു എന്നും മറ്റും. 1096 കുംഭം 7-നു പുത്തങ്കാവു പള്ളിയിൽ നിന്നും.

98. മാർ ഗ്രീഗോറിയോസു മെത്രാച്ചനു. ചന്ദനപ്പള്ളി പുത്തൻപള്ളിയെ സംബന്ധിച്ചുള്ള തർക്കങ്ങൾ കേട്ടു തീരുമാനിക്കുന്നതിനെ സംബന്ധിച്ചും പെരുമല ഗീവറുഗീസിനെ സംബന്ധിച്ചും, പള്ളിക്കു മുതൽകെട്ടുകാരനെ നിയമിക്കുന്നതു വരെ പള്ളിവരുമാനം വികാരി വടുതലെ ഈശോ കത്തനാരു കയ്യിൽ സൂക്ഷിക്കണമെന്നും. 1096 കുംഭം 12-നു പുത്തങ്കാവു പള്ളിയിൽ നിന്നും.

99. ചന്ദനപ്പള്ളി പള്ളിക്കാർക്ക്. പള്ളിവക വരുമാനങ്ങൾ സ്ഥിരമായി മുതൽകെട്ടുകാരനെ നിയമിക്കുന്നതുവരെ തൽക്കാലത്തേക്കു വികാരിയുടെ കൈവശം സൂക്ഷിപ്പിച്ചുകൊള്ളണമെന്നു. തർക്കങ്ങൾ കൊച്ചുമെത്രാച്ചന്റെ അടുക്കൽ കേൾപ്പിച്ചു തീരുമാനിപ്പിച്ചുകൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

100. വടുതലെ ഈശോ കത്തനാർക്ക്. കോന്നി പുത്തൻപള്ളിക്കാർക്കു ആവശ്യപ്പെട്ട കല്പന കൊച്ചുമെത്രാച്ചനോടു വാങ്ങിച്ചുകൊള്ളണമെന്നും അവരുടെ അപേക്ഷ അവിടെ കൊടുത്തുകൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

101. ചെങ്ങന്നൂർ പള്ളിക്കാർക്ക്. അടുത്ത ... ആയ ശനിയാഴ്ച ആ പള്ളിയിൽ എത്തത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതിനാൽ ആവശ്യമുള്ള വണ്ടികൾ അയച്ചുതരണമെന്നു. 1921-നു കൊല്ലം 1096 കുംഭ മാസം 12-നു പുത്തങ്കാവു പള്ളി.

102. കലയപുരത്തു പള്ളിക്കാർക്കു. മുള്ളിക്കാട്ടു ഇടിക്കുളയുടെയും ഉമ്മന്റെയും മുടക്കു വിവരത്തെ സംബന്ധിച്ചു വന്ന അപേക്ഷയ്ക്കു മറുപടി. 96-ാമാണ്ടു കുംഭം 13-നു. പുത്തൻകാവു പള്ളി.

103. സി. കൊച്ചുകോശിക്ക്. കടംവീട്ടിനെ സംബന്ധിച്ചും കടം വാങ്ങുന്നതിനെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

104. ആറ്റുമാലിൽ സ്കറിയാ കത്തനാർക്ക്. പയ്യമ്പള്ളിലച്ചനെ സംബന്ധിച്ചു ഇതു സഹിതം പള്ളിക്കാർക്ക് കല്പന അയക്കുന്നുണ്ടെന്നു. ടി തീയതി. ടി സ്ഥലം.

105. ആനപ്രാമ്പാൽ പള്ളിക്കാർക്ക്. ആ പള്ളിയുടെ മുറിത്തട്ടു എടുത്തുകളയുന്നതിനെ സംബന്ധിച്ചും വെള്ളതേപ്പ്, ഓടിടീൽ ഇവയ്ക്കു ആവശ്യപ്പെട്ടാൽ കുറെ പണം കടം വാങ്ങുന്നതിനു അനുവദിച്ചും പള്ളിമുറിയെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

106. ചെറുവത്തൂർ മാത്തു ഉതുപ്പിനു. കുറിയാക്കുവിന്റെ മകന്റെ കല്യാണത്തിനു എന്തെങ്കിലും സമ്മാനിക്കുന്നതു മറ്റുള്ളവർക്കു രസിക്കുകയില്ലെന്നും

അല്ലാതെ ആവശ്യമെന്നു തോന്നുന്നപക്ഷം എന്തെങ്കിലും ഇഷ്ടംപോലെ വാങ്ങിച്ചുകൊടുത്തു കൊള്ളണമെന്നും ... പണം അയച്ചിരിക്കുന്നു എന്നും. ടി തീയതി. ടി സ്ഥലം.

107. നാരകത്തു പൗലോസു കത്തനാർക്ക്. കുന്നക്കാൽ പള്ളിയിലേക്കു പട്ടക്കാരെ നിയമിക്കുന്ന കാര്യത്തെ സംബന്ധിച്ചും മറ്റും. 1096 കുംഭം 13. പുത്തൻകാവു പള്ളി.

108. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. വാദ്ധ്യാന്മാരുടെ ശമ്പളക്കാര്യത്തിനു ചെങ്ങന്നൂർ എത്തിയാലുടനെ ... രൂപാ അയക്കാൻ നോക്കാം എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

109. പി. കെ. വറുഗീസിന്. അയച്ച അപേക്ഷയും മുറന്തുക്കിൽ അച്ചന്റെ എഴുത്തും കിട്ടി. പള്ളിക്കൂടങ്ങളിൽ ഇപ്പോൾ പെൺപള്ളിക്കൂടങ്ങളിൽ നിന്നും ആളുകളെ എടുക്കുന്നതുകൊണ്ടു പ്രവേശനം പ്രയാസമാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

110. പുലിക്കോട്ടിൽ യൗസേപ്പു ശെമ്മാച്ചന്. അയച്ച ക്ഷമായാചന കത്തു കിട്ടി. പത്രോസു ശെമ്മാച്ചനെ സംബന്ധിച്ചു ക്ഷമായാചനം ചെയ്തതു ഏതു തരത്തിലാണ് മനസ്സിലാക്കേണ്ടതെന്നും മറ്റും വിവരിച്ചു എഴുതി അയച്ചു. ടി തീയതി. ടി സ്ഥലം.

111. വെൺമണി പള്ളിക്കാർക്ക്. വെറ്റില പൊകലയെ സംബന്ധിച്ചുള്ള വഴക്കുകളെപ്പറ്റി. ടി തീയതി. ടി സ്ഥലം.

112. പുത്തൻവീട്ടിൽ നിന്നും വല്യപറമ്പിൽ കോശി കോരുതിനും പുത്തൻവീട്ടിൽ കോശിക്കും കൂടി. അവന്റെ അപ്പന്റെ കല്ലറപ്പണത്തെ സംബന്ധിച്ചു തെക്കേത്തലയ്ക്കൽ ഗീവറുഗീസു കത്തനാരെക്കൊണ്ടു മുതലുപിടിക്കാരന്റെ പേർക്കു എഴുതിച്ചിട്ടുള്ള രസീതിനെപ്പറ്റി വ്യവഹാരത്തിനും മറ്റും ഇടയാക്കാതെ പണം കൊടുത്തു സംഗതി തീർത്തുകൊള്ളണമെന്നും മറ്റും. 1096 കുംഭം 13-നു. പുത്തൻകാവു പള്ളി.

113. കൂർത്തമലപ്പള്ളിക്കാർക്കു. മുൻ 7-നു കല്പനപ്പടി നിയമിച്ചിട്ടുള്ളതിൽ കൂടുതലായി കണക്കെഴുത്തിനു വൈരപത്തു തോമ്മായെക്കൂടെ നിയമിച്ചിരിക്കുന്നു എന്നു. 1096 കുംഭം 16-നു. പുത്തൻകാവു പള്ളി.

114. ഒ. ഈ. വറുഗീസു മാസ്റ്റർക്ക്. ആ സ്കൂൾ ഡ്രോയിങ്ങു മാസ്റ്റർ മാറിപ്പോകുന്നപക്ഷം മല്ലപ്പള്ളി പാലപ്പറമ്പിൽ പി. സി. ചെറിയാനെ നിയമിക്കണമെന്നു. 1096 കുംഭം 17. പുത്തൻകാവു പള്ളി.

115. ചെറിയമഠത്തിൽ മല്പാന്. താമസിയാതെ കാണാനിടയാകുമ്പോൾ സംഗതികൾ പറഞ്ഞുകൊള്ളാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

116. മാടപ്പറമ്പിൽ തൊമ്മൻ തരകന്. അപ്പന്റെ മരണത്തെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

117. ജഡ്ജ്മെന്റിന്റെ പ്രതികൾ കഴിയുന്നതുംവേഗം അടയാളം വയ്പിച്ചു വാങ്ങി അയച്ചുതരണമെന്നു. 1096 കുംഭം 17. പുത്തൻകാവു പള്ളി.

118. പാലപ്പള്ളി പൗലൂസു കത്തനാർക്കു. മകളുടെ വിവാഹത്തിൽ വന്നു സംബന്ധിക്കുന്നതിനു ഇടയാകാത്തതിൽ വ്യസനമുണ്ട്. വധൂവരന്മാർക്കു സർവ്വമംഗളങ്ങളും ആശംസിക്കുന്നു. സി. ജെ. കുര്യന്റെ മൊഴി കൊടുത്തപ്പോഴത്തെ യാത്ര പണിപിരിവിനായിരിക്കുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

119. തുടിയൻ കുഞ്ഞിപൗലൂസിന്. ജഡ്ജ്മെന്റിന്റെ പ്രതികൾ അടയാളം വച്ചു കിട്ടിയിട്ടില്ല. കിട്ടിയാൽ ഉടനെ അയച്ചുതരാമെന്നു. ടി തീയതി. ടി സ്ഥലം.

120. പി. കെ. വറുഗീസു വക്കീലിന്. ജഡ്ജ്മെന്റ് പ്രതികൾ അടയാളം വച്ചു കിട്ടിയിട്ടില്ലെന്നു. കിട്ടിയാൽ ഉടനെ അയച്ചുതരാമെന്നും കേസിലേക്കു വേണ്ടതു പ്രവർത്തിച്ചുകൊള്ളാമെന്നും. ടി തീയതി. ടി സ്ഥലം.

121. മട്ടയ്ക്കൽ മല്പാന്. കായലിന്റെ കാര്യത്തിന്റെ ... തീരുന്ന ഉടനെ അവിടെ എത്തി ... കണ്ടു പറഞ്ഞു ... ണമെന്നും ചിട്ടിക്കേസും ... എതൃകക്ഷികൾ ഉന്നയിക്കുന്നപക്ഷം ക്രോസ്സിൽ കൊടുത്താൽ മതിയാകുമെന്നും മറ്റു വർത്തമാനങ്ങൾക്കും. 1096 കുംഭ മാസം 17-നു. പുത്തൻകാവു പള്ളി.

122. പുത്തൻകാവു പള്ളിക്കാർക്ക്. പ്രിയരെ, നാം ഈ മാസം 1-നു ഈ പള്ളിയിൽ എത്തി ഇന്നേദിവസം വരെ ഇവിടെ താമസിച്ചു ഈ പള്ളി സംബന്ധമായ സംഗതികളുടെ ക്രമമായ നടത്തിപ്പിലേക്ക് വേണ്ടപ്പെട്ടവയെ ശരിപ്പെടുത്തുന്നതിനുവേണ്ടി പല ദിവസങ്ങളിലും കൈസ്ഥാനയോഗങ്ങളും പൊതുയോഗങ്ങളും വിളിച്ചുകൂട്ടി യോഗങ്ങളുടെ അഭിപ്രായവും അറിഞ്ഞു താഴെ വിവരിക്കുന്ന നിയമങ്ങളെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടി ഈ കല്പനയെ നിങ്ങൾക്കു നാം എഴുതുകയും ചെയ്യുന്നതാണ്.

1. ഈ പള്ളി സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച് 1094-ൽ ഉണ്ടായിട്ടുള്ള രജിസ്റ്റർ ഉടമ്പടി അനുസരിച്ചു 94 കുംഭം മുതൽ കൈസ്ഥാനജോലി നടത്തിയ ആണ്ടു കൈസ്ഥാനികളുടെ ചുമതലയിലെ വരവുചിലവുകളുടെ കണക്ക് ആണ്ടറുതിയിൽ പൊതുയോഗത്തിൽ വായിച്ചതിനെയും 1095 കുംഭം മുതൽ നടത്തിയ ആണ്ടു കൈസ്ഥാനികളുടെ ചുമതലയിലെ കണക്കു കേൾപ്പാൻ കൂടിയ പൊതുയോഗത്തിൽ വായിച്ചതിനെയും പാസ്സാക്കുകയും ഈയാണ്ടത്തേക്കു ഇതുവരെയുള്ള കൈസ്ഥാനികളെ താക്കോലുകൾ, കണക്കുകൾ, ചിലവുനീക്കി ബാക്കി പണം, മുതലായതേൽപ്പിച്ചു മുൻ ചുമതലക്കാർ ചുമതല ഒഴിയുകയും ചെയ്തിരിക്കുന്നതിനാൽ പുതിയ ചുമതലക്കാരെക്കൊണ്ട് അവരുടെ ചുമതലകളെ ക്രമമായി നടത്തിച്ചുകൊള്ളണം.

2. 1091-നു മുമ്പു കൈസ്ഥാനജോലി നടത്തിയിരുന്നവരുടെ ചുമതലയിലെ കണക്കുകൾ കേട്ടു നമ്മുടെ ഒപ്പും മുദ്രയും വച്ചു സ്ഥിരപ്പെടുത്തിയ തിരട്ടിൻപ്രകാരം ടി ചുമതലക്കാരിൽ ഓരോരുത്തരിൽ നിന്നും പട്ടക്കാരിൽ നിന്നും പള്ളിക്കു വരേണ്ടിയിരുന്നവയിൽ രൊക്കം ... ഇളവു ചെയ്തതും നീക്കി പട്ടക്കാരിൽ നിന്നും മുൻ കൈസ്ഥാനികളിൽ നിന്നും വരുവാനുള്ള സംഖ്യകൾക്കു അവരെക്കൊണ്ടു പ്രോമിസറി നോട്ടുകൾ എഴുതിച്ചു ഇപ്പോഴത്തെ ആണ്ടു കൈസ്ഥാനികളെ ഏല്പിച്ചിരിക്കുന്നതും അതുകളെ ചുമതലക്കാർ കാലഹരണത്തിനിടയാക്കാതെ ഈടാക്കിക്കൊള്ളേണ്ടതും ആകുന്നു.

3. മേൽ വകുപ്പിൽ വിവരിച്ച നോട്ടുകൾ കൂടാതെ വേറെ നോട്ടുകളിൻപ്രകാരം ഈടാക്കേണ്ടിയ പണങ്ങളും അതാതാണ്ടത്തെ പാട്ടം, നടവരവ് മുതലായ വരുമാനങ്ങളും അതതു സമയത്തു വയ്പിച്ചും ഈടാക്കിയും ക്രമമായി നടത്തിച്ചുകൊള്ളണം.

4. നോട്ടുകളോ വേറെവിധത്തിലുള്ള പ്രമാണങ്ങളോ കൂടാതെ പലരിൽ നിന്നും പിരിഞ്ഞു കിട്ടുവാനുള്ള കുടിശികകൾ കണക്കിൻപ്രകാരമുള്ളവ പിരിക്കുന്നതിനു പട്ടക്കാരും ചുമതലക്കാരും താല്പര്യമായി പ്രവർത്തിക്കേണ്ടതും കുടിശികക്കാരിൽ നിന്നുമുള്ള കുടിശിക ... വയ്പിച്ച് ചുമതലക്കാരെ ഏൽപ്പിക്കാതെ പട്ടക്കാർ അവരുടെ ആത്മിക ദിഷ്ടതികൾ നടത്തി കൊടുത്തു കൂടാത്തതുമാകുന്നു.

5. കിഴക്കേ പുത്തൻ പള്ളിയിൽ ഞായറാഴ്ചതോറും വി. കുർബ്ബാന അനുഷ്ഠിക്കുന്നതിനു ശമ്പളത്തിന്മേൽ വേറെ പട്ടക്കാരെ വരുത്തി നടത്തിച്ചു കൊള്ളണമെന്നും അതിലേക്കു ആണ്ടിനാൽ 60 രൂപാ ശമ്പളം കൊടുത്തുകൊള്ളണമെന്നുമുള്ള മുൻ നിശ്ചയപ്രകാരം നടത്തിക്കുന്നതിനു ശമ്പളത്തുകയുടെ കുറവു നിമിത്തം പ്രയാസമായിത്തീർന്നിരിക്കകൊണ്ട് മേലാൽ അതിലേക്കു ആണ്ടിനാൽ 120 രൂപ ശമ്പളം കൊടുത്തുകൊള്ളേണ്ടതും ടി പള്ളി നടത്തിക്കുന്നതിന് പേരൂർകാവിൽ കൊച്ചുകത്തനാരെയും ... മണ്ണിൽ കൊച്ചുകത്തനാരെയും നാം നിയമിച്ചിട്ടുള്ളതിനാൽ അവർ തവണ വികാരിമാരായി മൂപ്പുമുറയനുസരിച്ച് നടത്തിച്ചുകൊള്ളേണ്ടതുമാകുന്നു.

6. ടി ഇടവകയിൽ 120 രൂപ ശമ്പളം പറഞ്ഞിരിക്കുന്നതിൽ 24 രൂപ കപ്യാരന്മാരെ കൂടാതെ വേറെ കപ്യാരന്മാർ കൂടെ പട്ടക്കാരുടെയും കർമ്മത്തിന്റെയും ആവശ്യത്തിലേക്കായി വരുന്നപക്ഷം മേൽപറഞ്ഞ സംഖ്യ പകുതിയായി ഭാഗിച്ചു കൊടുത്തുകൊള്ളേണ്ടതും ഏതു കപ്യാരായാലും ഒരു കപ്യാരു മാത്രം വരികയും ആവശ്യങ്ങൾ നടത്തുകയും ചെയ്യുന്ന ... കപ്യാരന്മാരു വീതപ്രകാരമുള്ള ശമ്പളം മാത്രം ആ കപ്യാർക്കു കൊടുത്തുകൊള്ളേണ്ടതും ആകുന്നു.

7. ഈ പള്ളിയുടെ ഇടവകപട്ടക്കാരിൽ ഒരുവനായി അംഗീകരിക്കപ്പെട്ടിരിക്കുന്ന അയിരൂർ കുഴിയിൽ തോമ്മാ ശെമ്മാച്ചന് ചില കാരണങ്ങളാൽ ഇതുവരെ അവകാശമൊന്നും കൊടുത്തില്ലെന്നും മേലാൽ ഈ മാസം 10-ാം തീയതി മുതൽ മൂന്നു മാസത്തേക്കു മാസം ഒന്നുക്കു അഞ്ചു രൂപാ വീതം ഇടവകയിൽ നിന്നും ടി ശെമ്മാച്ചൻ കൊടുത്തുകൊള്ളേണ്ടതാണ്. മൂന്നു മാസത്തിന്റെ ശേഷം പട്ടത്വവരുമാനങ്ങളിൽ നിന്ന് ഒരു ശെമ്മാച്ചനു ന്യായമായി ചെല്ലുവാനുള്ള അവകാശം കൊടുത്തുകൊള്ളേണ്ടതും ആകുന്നു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സറൂഗിലെ മാർ യാക്കോബ്

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

വി. ആരാധനാ പുസ്തകങ്ങളിൽ മാർ യാക്കോബിന്റെ ബോവൂസോ എന്ന തലക്കെട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗീതങ്ങൾ ആലപിക്കുന്ന വിശ്വാസികൾക്ക് ഈ പിതാവിനെ ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. വിഖ്യാതനായ ജ്ഞാനിയും, അവർണ്ണനീയ മഹിമയാർന്ന കവിയും, പ്രഭാഷണചാതുര്യമുള്ളവനും ആയ ഇദ്ദേഹം യൂഫ്രട്ടീസിലെ ഫ്രാത്തു നദീതീരത്തുള്ള കോർട്ടം ഗ്രാമത്തിൽ ഒരു ഉത്തമ പുരോഹിതന്റെ മകനായി ഏ. ഡി. 451 ൽ ജനിച്ചു. "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്ന അപരനാമമുള്ള ഇദ്ദേഹത്തെ മാർ അപ്രേം കഴിഞ്ഞാൽ സുറിയാനി സഭയുടെ വീണയായി കണക്കാക്കുന്നു. ഭാഷാ നിപുണതയിലും ആഖ്യാനപാടവത്തിലും അദ്വിതീയനായി ഇദ്ദേഹം ഇന്നും സഭയിൽ അറിയപ്പെടുന്നു.

ബാല്യകാലം

മാതാപിതാക്കളുടെ ദീർഘനാളത്തെ പ്രാർത്ഥനയുടെയും ജാഗരണത്തിന്റെയും ഫലമായി ഉണ്ടായ മകനായിരുന്നു മാർ യാക്കോബ്. എല്ലാവരുടെയും കണ്ണിലുണ്ണിയായി വളർന്ന യാക്കോബിനു വളരെ ചെറുപ്പത്തിൽ തന്നെ ദൈവാലയാരാധനയോടു പ്രത്യേക മമതയും ഭക്തിയും ഉണ്ടായി. തന്റെ പൈതൽ പ്രായത്തിൽ സംഭവിച്ചിട്ടുള്ള പല അത്ഭുതകഥകളും പിന്നീട് പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്ന്, തനിക്ക് മൂന്ന് വയസ്സുള്ളപ്പോൾ മാതാവിനോടൊപ്പം ദേവാലയാരാധനയിൽ പങ്കെടുത്തപ്പോൾ സംഭവിച്ചതാണ്. ആരാധനാ മദ്ധ്യേ പരിശുദ്ധാത്മ വിളിയുടെ പ്രാർത്ഥനാ സമയത്ത് പൈതലായ താൻ തന്റെ അമ്മയുടെ പിടിയിൽ നിന്നു വേർപെട്ടു ദൈവാത്മപ്രേരിതനായി മദ്ബഹായിലേക്ക് പ്രവേശിക്കുകയും കാസാ എടുത്ത് ആഘോഷിച്ചു മൂന്നു പ്രാവശ്യം അതിനെ വണങ്ങിക്കൊണ്ട് അതിൽ നിന്നു പാനം ചെയ്യുകയും ചെയ്തശേഷം ആഹ്ലാദത്തോടുകൂടി തന്റെ അമ്മയുടെ സമീപത്തേക്ക് വന്നുനിൽക്കുകയും ചെയ്തതായാണ് വിവരണം. ഇതു കണ്ടതായ വിശ്വാസികൾ അത്ഭുതപ്പെടുകയും പൈതലിന്റെ ദൈവവിളിയുടെ സമയമായി അതിനെ കണക്കാക്കുകയും ചെയ്തു.

വേദശാസ്ത്രപഠനവും വൈദിക പദവിയും

യാക്കോബ് പ്രാഥമിക വിദ്യാഭ്യാസം തന്റെ ജന്മദേശത്തു പൂർത്തിയാക്കിയശേഷം ഉപരിപഠനാർത്ഥം എഡേസ്സായിലേക്കു പോയി അവിടുത്തെ വേദശാസ്ത്രവിദ്യാലയത്തിൽ പഠിച്ചു. തന്റെ പഠനകാലം സഭയിൽ കൽക്കദൂന്യാ സുന്നഹദോസിന് (ഏ. ഡി. 451) ശേഷം ക്രിസ്തുവിജ്ഞാനീയം സംബന്ധിച്ചു തർക്കങ്ങളും വഴക്കുകളും ധാരാളമായി നടക്കുന്ന സമയമായിരുന്നു. എഡേസാ വേദശാസ്ത്രവിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും അദ്ധ്യാപകരും യേശുക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ചു നെസ്തോറിയസിന്റെയും കൽക്കദൂന്യരുടെയും പിൻഗാമികളായ ഇരുസ്വഭാവവാദികളായിരുന്നു. യാക്കോബ് സ്കൂളിൽ വച്ചുതന്നെ ഇരുസ്വഭാവവാദത്തെ എതിർക്കുകയും റ്റർസൂസിലെ ഡിയഡോറസ്, മോപ്സ്വസ്റ്റിയായിലെ തിയോഡോറസ്, നെസ്തോറിയൂസ് തുടങ്ങിയവരുടെ പഠിപ്പിക്കലുകളെ തള്ളിക്കളയുകയും ചെയ്തു.

സമാധാന കാംക്ഷിയായിരുന്ന യാക്കോബിന്റെ വേദശാസ്ത്ര ജ്ഞാനവും പ്രഭാഷണ ചാതുര്യവും സമകാലീനലോകത്തിൽ വളരെ പ്രശസ്തിയാർജ്ജിച്ചിരുന്നു. ഇരുപത്തിരണ്ടാം വയസ്സിൽ പുരോഹിതനായിത്തീർന്ന യാക്കോബ് ഇടയശുശ്രൂഷ കൊണ്ടും ജ്ഞാനം കൊണ്ടും എല്ലാവരുടെയും പ്രശംസയ്ക്കു പാത്രീഭൂതനായി. പ്രവർത്തനത്തിനും പഠനത്തിനുമാണ് അദ്ദേഹം തന്റെ കൂടുതൽ സമയവും ഉപയോഗിച്ചിരുന്നത്. തന്റെ പ്രസംഗങ്ങളും പാട്ടുകളും അതിമനോഹരങ്ങൾ ആയതിനാൽ എപ്പിസ്കോപ്പന്മാരും വൈദികരും ജനങ്ങളും അദ്ദേഹത്തെ ഒരുപോലെ സ്നേഹിച്ചിരുന്നു. കുറച്ചുകാലം അദ്ദേഹം അന്ത്യോഖ്യായുടെ കീഴിലുള്ള സെറൂഗ് പ്രദേശത്തു വൈദികനായി സേവനം ചെയ്തശേഷം ഏ. ഡി. 519 -ൽ തനിക്ക് 68 വയസുള്ളപ്പോൾ അവിടുത്തെ മെത്രാനായി തെര



ഞ്ഞെടുക്കപ്പെട്ടു. നെസ്തോറിയൻ ക്രോണിക്കിളിൽ നിന്നുള്ള വിവരം അനുസരിച്ചു അന്തോഖ്യായിലെ മാർ സേവേറിയോസും മാബൂഗിലെ മാർ പീലക്സിനോസും ചേർന്നാണ് ഇദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തത്.

അന്ത്യനാളുകൾ

യാക്കോബ് മെത്രാനാകുന്നത് സഭാന്തരീക്ഷം വളരെ മോശമായ സാഹചര്യത്തിലാണ്. ഏ. ഡി. 518 -ൽ റോമാ ചക്രവർത്തിയായി അവരോധിതനായ ജസ്റ്റിൻ ഒന്നാമൻ (518 – 527) റോമിലെ പാപ്പായുടെ പ്രേരണയാൽ കൽക്കദൂന്യാ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും കൽക്കദൂന്യാ നിശ്ചയങ്ങളെ എതിർക്കുന്നവരെ പീഡിപ്പിക്കുകയും ചെയ്യുന്ന ആളായിരുന്നു. കൽക്കദൂന്യാ സുന്നഹദോസിനെ എതിർത്തിരുന്ന പലരും കൊല്ലപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. യാക്കോബിന്റെ പ്രായം കണക്കിലെടുത്ത് അദ്ദേഹത്തെ വലിയ പീഡകൾക്ക് വിധേയനാക്കിയില്ല. എന്നാൽ പല വേദവിപരീതികളും അദ്ദേഹത്തെ കെണിയിലകപ്പെടുത്താൻ തങ്ങളുടെ കഴിവിന്റെ പരമാവധിയും ശ്രമിച്ചു. നിസിബിനിൽ കൂടിയ സുന്നഹദോസിൽ യാക്കോബ് സംബന്ധിച്ചു സത്യവിശ്വാസം പ്രഖ്യാപിക്കുകയും കന്യകമറിയാമിന്റെ വാങ്ങിപ്പിനെക്കുറിച്ചും വിശുദ്ധ ശ്ലീഹന്മാരേക്കുറിച്ചും പ്രബന്ധങ്ങൾ വായിക്കുകയും ചെയ്തതു വേദവിപരീതികളിൽ പലർക്കും ഇഷ്ടപ്പെട്ടില്ല. സുന്നഹദോസിനു ശേഷം 'പൗലേ' എന്ന വേദവിപരീതി യാക്കോബിനെ തന്റെ അടുക്കലേക്കു വിളിച്ചു. പൗലേ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

യുടെ കപടതയും ചതിപ്രയോഗവും മനസ്സിലാക്കിയ മാർ യാക്കോബ് ഇപ്രകാരം പ്രാർത്ഥിച്ചു: "മനുഷ്യരുടെ ഹൃദയങ്ങളെയും അന്തരീന്ദ്രീയങ്ങളെയും പരിശോധിക്കുന്ന കർത്താവേ, പൗലേ പരിശുദ്ധ പിതാക്കന്മാരുടെ വിശ്വാസം ഉപേക്ഷിക്കുകയും കൽക്കദൂന്യരോടു ചേരുകയും ചെയ്തവനാകയാൽ അദ്ദേഹം എന്റെ മുഖമോ ഞാൻ അദ്ദേഹത്തിന്റെ മുഖമോ കാണുവാൻ സംഗതിയാകാതിരിക്കട്ടെ."

ഒരു തികഞ്ഞ വിശുദ്ധനായിരുന്ന യാക്കോബ് തന്റെ ആടുകളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ മരണത്തെ താൻ മുൻകൂട്ടി ദർശിച്ചിരുന്നതിനാൽ ഒരുക്കമുള്ളവനായി 521 നവംബർ 29 -ാം തീയതി തന്റെ നാഥന്റെ സന്നിധിയിലേക്കു വാങ്ങിപ്പോയി. വലിയ ബഹുമാനാദരവുകളോടു കൂടിതന്നെ വിശുദ്ധന്റെ മൃതശരീരം സ്രൂഗിലെ ദേവാലയത്തിൽ സംസ്കരിച്ചു. സുറിയാനി സഭ അദ്ദേഹത്തിന്റെ ഓർമ്മ നവംബർ 29 -ന് കൊണ്ടാടുന്നു.

മാർ യാക്കോബിന്റെ കൃതികൾ

മാർ അപ്രേമിനു ശേഷം സുറിയാനി പദ്യസാഹിത്യത്തിൽ ഏറ്റവും മികച്ചുനിൽക്കുന്ന പിതാവാണ് മാർ യാക്കോബ്. സുറിയാനിക്കാർ, ഭാരതീയർ, മാറോനീത്തർ, അർമേനിയാക്കാർ, ഈഗുപ്തായർ, എത്യോപ്യക്കാർ തുടങ്ങി എല്ലാ പൗരസ്ത്യരും അദ്ദേഹത്തിന്റെ കൃതികൾ വിവിധ ഭാഷകളിൽ പകർത്തിയെടുത്തു ഉപയോഗിക്കുന്നുണ്ട്.

മെമ്രാകളും ബോവൂസാകളും കൊണ്ടു സഭയുടെ ആരാധനയെ സമ്പുഷ്ടമാക്കിയ ഇദ്ദേഹം ഏകദേശം 760 മെമ്രാകൾ രചിച്ചിട്ടുണ്ട്. 70 എഴുത്തുകാരാണ് അദ്ദേഹത്തിന്റെ മെമ്രാകൾ പകർത്തിക്കൊണ്ടിരുന്നതു എന്നു പറയപ്പെടുന്നു. ബാർ എബ്രായ തന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചു മെമ്രാകളെ കൂടാതെ, വേദപുസ്തക വ്യാഖ്യാനങ്ങൾ, സ്തുതിഗീതങ്ങൾ (മദ്രാശെ), സൂഗീസോകൾ, പ്രസംഗങ്ങൾ തുടങ്ങി മറ്റനേകം കൃതികളും മാർ യാക്കോബിന്റേതായി ലഭ്യമായിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു നല്ല വിഭാഗം എഴുത്തുകളും സുറിയാനി, അറബി, കൈയെഴുത്തു പ്രതികളായി ഇന്നും നിലകൊള്ളുന്നു. ചില പ്രധാന കൃതികൾ അറബിക്, അർമേനിയൻ, എത്യോപ്യൻ തുടങ്ങിയ ഭാഷകളിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ഏകദേശം 212 homilies പോൾ ബഡ്ജൻ (Paul Badjan) എഡിറ്റു ചെയ്തിട്ടുണ്ട്.

യാക്കോബിന്റെ കൃതികളിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ കന്യകമറിയാം, വിശുദ്ധന്മാർ, ആദ്ധ്യാത്മികത, സന്യാസജീവിതം, ക്രൈസ്തവാരാധന, യുഗാന്ത്യ ശാസ്ത്രം, യേശുക്രിസ്തുവിന്റെ ജനനം, മാമോദീസാ, വലിയനോമ്പ്, ഹോശാന ഞായർ, ഹാശാ ആഴ്ച, ഉയിർപ്പ് എന്നിവയാണ് വി. കുർബ്ബാനയുടെ രണ്ടു അന്നാഫോറാകളും, കർത്താവിന്റെ ജനനപ്പെരുന്നാൾ ദിവസം സമാധാനം കൊടുക്കുന്ന സമയത്തേക്കുള്ള പ്രാർത്ഥനയും ഇദ്ദേഹം എഴുതിയിട്ടുണ്ട്. ഇതു കൂടാതെ ഒരു മാമോദീസാ ക്രമമവും ഇദ്ദേഹത്തിന്റെ പേരിൽ നിലവിലുണ്ട്. ആധുനിക ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള അദ്ദേഹത്തിന്റെ കൃതികൾ താഴെ പറയുന്നവയാണ്.

- കന്യക മറിയാമിനെക്കുറിച്ചുള്ള ഏഴു മെമ്രാകൾ.
- മാറാനായ പെരുന്നാളുകളെക്കുറിച്ചുള്ള മെമ്രാ.
- സൃഷ്ടിയെക്കുറിച്ചുള്ള 4 മെമ്രാകൾ.
- മോശയുടെ മൂടുപടം സംബന്ധിച്ചുള്ള മെമ്രാ.
- മാർ അപ്രേമിനെക്കുറിച്ചുള്ള മെമ്രാ.
- ശെമവൂൻ ദെസ്തുനിയെക്കുറിച്ചുള്ള മെമ്രാ.
- ഗദ്യരൂപത്തിലുള്ള ചില പ്രഭാഷണങ്ങൾ (തുർഗാമേ).
- ചില ലേഖനങ്ങൾ.

മാർ യാക്കോബിന്റെ ചില വേദശാസ്ത്ര ചിന്തകൾ

മാർ യാക്കോബിന്റെ വേദശാസ്ത്ര വിശദീകരണത്തിൽ പ്രതീകങ്ങൾക്കും പഴയനിയമ സൂചകങ്ങൾക്കും പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും മാനവജാതിയുടെ രക്ഷയും അദ്ദേഹം വിശദീകരിച്ചിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്.

മാനവജാതിയെ ആദാം എന്ന വ്യക്തിയിലൂടെ പിതാവാം ദൈവം തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. ആദാമിനെയും ഹവ്വായേയും പറുദീസായിൽ തോട്ടം സൂക്ഷിപ്പുകാരായി ആക്കി. മാനവജാതിയുടെ യഥാർത്ഥ വാസസ്ഥലം അതാണ്. നിർഭാഗ്യവശാൽ സാത്താനുമായുള്ള ആദ്യപോരാട്ടത്തിൽ തന്നെ ആദത്തിനു വീഴ്ച സംഭവിച്ചു. ഈ വീഴ്ചയാൽ ദൈവവും മനുഷ്യനും തമ്മിൽ വേർപാടിന്റെ ചുവർ ഉണ്ടായി (സാത്താനെ യാക്കോബ് പല പേരുകൾ കൊണ്ട് വിളിക്കുന്നു: ഡ്രാഗൺ, വലിയ സർപ്പം, പിശാച്, ക്രൂരനായ ഭരണാധികാരി, അന്ധകാരത്തിന്റെ നേതാവ്, ബേൽസബൂബ്).

ആദാമിനെ ദൈവം തോട്ടത്തിൽ നിന്നു പുറത്താക്കി ഏദന് പുറത്തുള്ള ഭൂമിയിലേക്ക് പായിച്ചു. വീണ്ടും തോട്ടത്തിലേക്ക് പ്രവേശിക്കാതിരിപ്പാൻ കെറൂബുകളെ തീജ്വാലയുടെ വലിയ വാളുമായി കാവൽ നിറുത്തി. അന്നുമുതൽ ഏദനു പുറത്തുള്ള ഭൂമി മാനവജാതിയുടെ പ്രകൃതിദത്തമായ വാസസ്ഥലമായി മാറുകയും മനുഷ്യൻ തന്റെ യഥാർത്ഥ വാസസ്ഥലം മറക്കുവാൻ തുടങ്ങുകയും ചെയ്തു.

മരണത്താൽ ആദവും തന്റെ പിന്നാലെ വന്നവരും "അന്ധകാര പട്ടണത്തിലേക്ക്" പ്രവേശിച്ചു. "രാത്രിയുടെ കാവൽക്കാർക്ക്" കീഴടങ്ങി. അങ്ങനെ ആദാം തന്നിലുള്ള ദൈവസാദൃശ്യത്തെ ദുഷിപ്പിക്കുകയും മറഞ്ഞിരിക്കുന്ന പിതാവാം ദൈവത്തിൽ നിന്ന് അകലുകയും ചെയ്തു.

അന്ധകാരശക്തിയുടെ നിയന്ത്രണമുള്ള ഭൂമിയിൽ മാനവജാതി വളർന്നു. വിഗ്രഹാരാധന രൂപം കൊണ്ടു. മനുഷ്യന്റെ വിവേകവികാരങ്ങൾക്ക് മങ്ങലേറ്റു. അത് വീണ്ടും വീണ്ടും ദൈവത്തിൽ നിന്ന് അകലുവാൻ കാരണമായി. തെറ്റു വളരുകയും മനുഷ്യനെ നിയന്ത്രിക്കുകയും ചെയ്തു. അവസാനം ദൈവം തെറ്റിനോടു പോരാടുവാൻ തീരുമാനിച്ചു. തൽഫലമായി സീനായിൽ വച്ച് മോശയിലൂടെ ന്യായപ്രമാണം നൽകി, പിന്നീട് ന്യായാധിപന്മാരെയും പ്രവാചകന്മാരെയും തെരഞ്ഞെടുത്തു. മോശയുടെ കാലം മുതൽ ക്രിസ്തുവിന്റെ കാലം വരെ തെറ്റും ശരിയും, പ്രകാശവും ഇരുട്ടും തമ്മിലുള്ള യുദ്ധത്തിന്റെ ചരിത്രമാണ്.

വലിയ ഡ്രാഗന്റെ അധീനതയിൽ ദുഷിക്കപ്പെടുന്ന തന്റെ സാദൃശ്യത്തെ ഇനിയും അങ്ങനെ വിടുന്നത് ശരിയല്ല എന്ന് ദൈവം തീരുമാനിച്ചു. അതാണ് തന്റെ ഏകജാതനായ പുത്രനെത്തന്നെ ലോകത്തിലേക്ക് അയയ്ക്കുവാൻ കാരണമായത്. പുത്രൻ കണ്ടുപിടിക്കാൻ പറ്റാത്ത രഹസ്യാത്മകമായ വഴിയിലൂടെയാണ് വന്നത്. അവൻ തുറക്കപ്പെടാത്ത അടഞ്ഞ വാതിലിലൂടെ പ്രവേശിച്ച് കന്യകയുടെ ഉദരത്തിൽ വസിച്ചു. അതുകൊണ്ട് കന്യകമറിയം "രഹസ്യങ്ങൾ നിറഞ്ഞ മുദ്രയിടപ്പെട്ട ലേഖനമായി" മാറി. കന്യകയുടെ ഉദരത്തിൽ വചനം മൂന്ന് കാരണങ്ങൾ കൊണ്ട് മനുഷ്യത്വവുമായി ഐക്യപ്പെട്ടു. 1) അന്ധകാര ശക്തികളുടെ കാവൽക്കാർ തന്നെ മനസ്സിലാക്കാതിരിക്കാൻ. 2) പാതാളത്തിലേക്ക് പോകാനുള്ള ഒരായുധമായി. 3) മറഞ്ഞിരിക്കുന്ന താൻ മാനവജാതിക്ക് വെളിപ്പെടുവാൻ.

തന്റെ പരസ്യശുശ്രൂഷാ കാലയളവിൽ തന്റെ പ്രബോധനങ്ങളിലൂടെയും അത്ഭുതപ്രവൃത്തികളിലൂടെയും തന്റെ ദൈവത്വം മനുഷ്യരുടെ മുന്നിൽ വെളിപ്പെടുത്തിക്കൊണ്ട് മാനവജാതിയെ പിതാവിങ്കലേക്ക് ആകർഷിച്ചു. തന്റെ ക്രൂശീകരണത്തിലൂടെയും മരണത്തിലൂടെയും ക്രിസ്തു പാതാളത്തിലേക്ക് നല്ല മുങ്ങൽ വിദഗ്ദ്ധൻ മുങ്ങുന്നതുപോലെ പോയി തന്റെ പിതാവിന്റെ സ്വരൂപമായ മനുഷ്യനെന്ന മാണിക്യത്തെ വീണ്ടെടുത്തു. അദ്ദേഹം മൂന്നു ദിവസം അവിടെ തങ്ങി. ആദാമിനെയും മറ്റെല്ലാവരെയും പറുദീസായിലേക്കു തിരിച്ചുവരുത്തി. കർത്താവ് തന്റെ ലക്ഷ്യം പൂർത്തീകരിച്ചപ്പോൾ വീണ്ടും തന്റെ പിതാവിന്റെ സന്നിധിയിലേക്ക് പോയി.

മാനവജാതി ഇപ്പോൾ ഒരു പുതിയ അവസ്ഥയിലാണ്. മേലുള്ള ഗണങ്ങളും താഴെയുള്ള ഗണങ്ങളും തമ്മിലുള്ള ശത്രുതയുടെ ഭിത്തി ഇടിച്ചുകളയപ്പെട്ടു. ദൈവവും മനുഷ്യനും തമ്മിലുള്ള ശത്രുത അവസാനിച്ചു. ഏദനിലേക്കു പ്രവേശിക്കാനുള്ള അനുവാദവും അവകാശവും മനുഷ്യനു ലഭിച്ചു. അവനെ മഹത്വത്തിന്റെ അങ്കിലും നിത്യജീവനിലേക്കുള്ള പ്രവേശനവും ലഭിച്ചു. ക്രിസ്തു നമുക്ക് പിതാവാം ദൈവത്തിലേക്ക് ചെല്ലാനുള്ള വഴി തുറന്നുതന്നിരിക്കുന്നു. പരിപൂർണ്ണരായ ആളുകളുടെ മനസ്സിൽ വചനമാം ദൈവം കന്യകമറിയാമിന്റെ ഉദരത്തിൽ വസിച്ചതുപോലെ വസിക്കുന്നു.

മാർ യാക്കോബ്, യേശുക്രിസ്തുവിന്റെ പരിപൂർണ ദൈവത്വവും പരിപൂർണ്ണ

മനുഷ്യത്വവും തമ്മിലുള്ള പരിപൂർണ്ണവും കലർപ്പില്ലാത്തതുമായ ഐക്യത്തെ സത്യമായും കാത്തുസൂക്ഷിക്കുകയും ഉറപ്പിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ദൈവം യാതൊരു മാറ്റവുമില്ലാതെ മനുഷ്യനായി തീർന്നതാണ് യേശുക്രിസ്തു. അവനിൽ ഒരു (ഐക്യ) ഇച്ഛയും ഒരു ഐക്യപ്രവർത്തനവും (operation) ആണുള്ളത്. യേശുക്രിസ്തു ഒരു ഐക്യസ്വഭാവവും ഒരു ക്നൂമായുമാണ്.

യാക്കോബ് ഇരുസ്വഭാവവാദത്തേയും അതിന്റെ സിദ്ധാന്തങ്ങളെയും അപ്പാടെ തള്ളിക്കളയുന്നു.

കന്യകമറിയാമിനെക്കുറിച്ച്

മാർ യാക്കോബ് കന്യകമറിയാമിനെക്കുറിച്ച് ധാരാളം എഴുതിയിട്ടുണ്ട്. കന്യകമറിയാം നിത്യകന്യകയും ദൈവമാതാവും ആകുന്നു എന്നതാണ് അദ്ദേഹം തന്റെ എഴുത്തുകളിലെല്ലാം പ്രഖ്യാപിക്കുന്നത്. ഇവിടെയെല്ലാം അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശ്യം വചനമാം ദൈവം പരിശുദ്ധ റൂഹാ മൂലം കന്യകമറിയാമിൽ നിന്നു അത്ഭുതകരമായ രീതിയിൽ ജാതനായി എന്നതാണ്.

കന്യകമറിയാം നിത്യകന്യകയാണെന്ന സത്യം പ്രഘോഷിക്കാൻ വേണ്ടി മാർ യാക്കോബ്, ഗബ്രിയേൽ മാലാഖയുടെ വന്ദനവ് യൗസേഫിന്റെ വെളിപ്പാടു, ഏലിസബേത്തിന്റെ വന്ദന എന്നീ മൂന്നു വേദപുസ്തക സംഭവങ്ങളെ വിശദീകരിക്കുന്നുണ്ട്. ദൈവം തന്നെ പ്രത്യേകമായി തെരഞ്ഞെടുത്തു എന്നതാണ് മറിയാമിന്റെ ഉന്നതിയ്ക്കു കാരണമായി മാർ യാക്കോബു കാണുന്നത്. മാലാഖയുടെ വന്ദനവ് മാർ യാക്കോബ് വിവരിക്കുന്നതിപ്രകാരമാണ്:

“നീതിസൂര്യനായവന്റെ മാതാവായ മറിയാമേ നിനക്കു സമാധാനം. വിശുദ്ധിയുടെ മന്ദിരം സൗന്ദര്യത്തിന്റെ പൂർണ്ണതയും രഹസ്യത്തിന്റെ തുറമുഖവും ഐശ്വര്യങ്ങളുടെ കപ്പലുമായവളേ, നിനക്കു സമാധാനം; നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു; നമ്മുടെ കർത്താവ് നിന്നോടുകൂടെ; നീ നിന്റെ കന്യകാത്വത്തിൽ ഗർഭം ധരിക്കുകയും (കന്യകാത്വത്തിൽ) ഒരു മകനെ പ്രസവിക്കുകയും ചെയ്യും.”

നീതിസൂര്യന്റെ മാതാവ്, വിശുദ്ധിയുടെ മന്ദിരം, രഹസ്യത്തിന്റെ തുറമുഖം തുടങ്ങിയ വിശേഷണങ്ങൾ കന്യകമറിയാമിന്റെ ശ്രേഷ്ഠത വെളിവാക്കുവാൻ വേണ്ടി മാർ യാക്കോബ് പല പ്രാവശ്യം ഉപയോഗിക്കുന്നുണ്ട്. മാർ യൗസേഫിന്റെ സംശയമനസ്സു മാറി ദൈവനടത്തിപ്പിൽ ഉറപ്പുവന്ന വേദപുസ്തക വിശദീകരണവും വളരെ വിശദമായി മാർ യാക്കോബ് വിവരിക്കുന്നുണ്ട്.

കന്യകമറിയാമിനെക്കുറിച്ചുള്ള പഠിപ്പിക്കലിൽ മാർ യാക്കോബ് ധാരാളം പ്രതീകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഈ പ്രതീകങ്ങളിലെല്ലാം മറിയാമിന്റെ കന്യകാത്വവും ദൈവമാതാവ് എന്ന നാമവും വെളിപ്പെടുന്നുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ വിവരണം. അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിച്ച് കന്യകമറിയാം: അത്യുന്നതൻ വസിച്ച വിശുദ്ധാലയം, അത്യുന്നതന്റെ സമാഗമന കൂടാരം; സകല ശക്തിയോടും അധികാരത്തോടുംകൂടിയിരിക്കുന്ന രാജാവിന്റെ സിംഹാസനം; രാജാധിരാജൻ വസിക്കുന്ന കൊട്ടാരം; രഹസ്യത്തിന്റെ പെട്ടകം; രഹസ്യങ്ങളുടെ തുറമുഖം, അതിവിശുദ്ധ സ്ഥലം, സ്വർണധൂപകലശം എന്നിവയൊക്കെയാണ്. കൂടാതെ കുഞ്ഞാടു പ്രത്യക്ഷപ്പെട്ട മുൾപ്പടർപ്പ് (ഉല്പ. 22:13); ജലം പുറപ്പെട്ട തീക്കൽപാറ (പുറ. 17:5 – 7); അത്ഭുതകരമായി ജലം പുറപ്പെട്ട കഴുതയുടെ താടിയെല്ല് (ന്യായ. 15:19), അഹറോന്റെ തളിർത്തവടി (സംഖ്യ 17:8); ഗിദയോന്റെ കമ്പിളി (ന്യായാ. 6:37 – 40); കൈകൾക്കൊണ്ടു വെട്ടപ്പെടാത്ത കല്ല് (ഡാനി. 2:23) തുടങ്ങി പല പ്രതീകങ്ങളും മാർ യാക്കോബ് കന്യകമറിയാമിന്റെ ഉന്നതി പ്രഘോഷിക്കുന്നതിനുവേണ്ടി നിരത്തിയിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ കന്യകമറിയാം വഹിച്ച പങ്കിനെ എടുത്തുകാണിച്ചുകൊണ്ട് അവൾ ദൈവമാതാവാണെന്ന് മാർ യാക്കോബ് തെളിയിക്കുന്നുണ്ട്.

❑



പ്രതിഷ്ഠ പെരുന്നാളിന് കൊടിയേറി

രാജസ്ഥാൻ: ജ്യോതിസ്സ് ആശ്രമത്തിന്റെ പ്രതിഷ്ഠ പെരുന്നാളിന്, അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹാശിസ്സുകളോടെ, ആശ്രമം മാനേജർ വന്ദ്യ. ഫീലിപ്പോസ് റമ്പാൻ കൊടിയേറ്റി. 15-09-2024-ന് വിശുദ്ധ കുർബാനക്ക് ശേഷമാണ് കൊടിയേറ്റ് കർമ്മം നിർവ്വഹിക്കപ്പെട്ടത്.

കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായും കോട്ടയം സെൻട്രൽ ഭദ്രാസന സഹായ മെത്രാപ്പോലീത്തായുമായ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിലും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായും 'ജ്യോതിസ്സ് ആശ്രമ' സ്ഥാപകനുമായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിലും പെരുന്നാൾ ശുശ്രൂഷകൾ നടക്കും. 15 മുതൽ 21 വരെയാണ് പെരുന്നാൾ.



അഡ്വക്കേറ്റുമാരുടെ കൂട്ടായ്മ


പാമ്പാടി: മലങ്കര ഓർത്തഡോക്സ് സഭ കോട്ടയം മെത്രാസനത്തിലെ ഇടവകകളിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ കൂട്ടായ്മ സെപ്റ്റംബർ 17-നു പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടത്തി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കൂട്ടായ്മയിൽ 30-ൽപരം നിയമ വിദഗ്ധർ പങ്കെടുക്കുകയും മെത്രാസനത്തിലെ പള്ളികളിലും കുടുംബങ്ങളിലും ഉണ്ടാകാൻ സാധ്യതയുള്ള വിഷയങ്ങളും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളും ചർച്ച ചെയ്യുകയും ചെയ്തു. ഫാ. മാത്യു കുരുവിള, ഫാ. ഐപ്പ് മാത്യു, ഫാ. ഏബ്രഹാം മാത്യു എന്നിവർ ലീഗൽ ഫോറം കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി.

“നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.”

– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

വിശ്വാസ പഠനം

‘വി. കുർബ്ബാന ധ്യാനം’: ഒരു ആസ്വാദന പഠനം



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

1905 കന്നി മാസത്തിൽ കുന്നംകുളത്തു നിന്നും പ്രസിദ്ധീകരിക്കപ്പെട്ട പനയ്ക്കൽ യാക്കോബു കത്തനാർ രചിച്ച ‘വി. കുർബ്ബാന ധ്യാനം’: ഒരു ആസ്വാദന പഠനം.

ആമുഖം

പരുമല - മാന്നാറിൽ ദിവംഗതനായ കരുവേലിൽ സഖറിയാ കോറെപ്പിസ്കോപ്പായുടെ ഭവനത്തിൽ വച്ച് അദ്ദേഹത്തിന്റെ ഗ്രന്ഥപ്പുരയും പൗരാണിക പുസ്തകങ്ങളും രേഖകളും കാണുവാൻ ഒരു അവസരം ലഭിച്ചപ്പോഴാണ് ഏതാണ്ട് 120 വർഷങ്ങൾക്കു മുമ്പ് മുദ്രണം ചെയ്യപ്പെട്ട ‘വിശുദ്ധ കുർബ്ബാന ധ്യാന’ത്തിന്റെ ഏതാനും പേജുകൾ കാണുവാൻ ഇടയായത്. കുന്നംകുളത്തു നിന്നും പനയ്ക്കൽ യാക്കോബ് കത്തനാർ (മല്പാൻ) എഴുതി പ്രസിദ്ധീകരിച്ച ഗ്രന്ഥം എന്ന് കണ്ടപ്പോൾ ആയതിന്റെ ഫോട്ടോകോപ്പി (സ്ക്രീൻ ഷോട്ട്) എടുത്ത് സൂക്ഷിച്ചു.

“ദിവ്യശ്രീ വട്ടശ്ശേരിൽ ഗീവർഗ്ഗീസു റെമ്പാശ്ശൻ അവർകളും ദിവ്യശ്രീ മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ അവർകളും ഈ പുസ്തകപരിശോധനയിൽ വളരെ പരിശ്രമിച്ചിരിക്കുന്നതിനാൽ വന്ദ്യ ഉപദേഷ്ടാക്കന്മാരോടുള്ള എന്റെ കൃതജ്ഞതാസ്മരണയെ ഈ അവസരത്തിൽ ഞാൻ ഒട്ടും തന്നെ വിസ്മരിക്കുന്നതല്ല.

വി. കുർബാന വിശ്വാസികൾക്കായിട്ടു കൊടുക്കപ്പെട്ടിരിക്കുന്നതിനാൽ ആത്മാവിനാൽ ഉണർത്തപ്പെട്ട ഒരു വിശ്വാസിക്കു ദിവ്യോപദേഷ്ടാവായ വിശുദ്ധാത്മാവ് ഓരോ കാര്യങ്ങളെ പറഞ്ഞുകൊടുത്തു പഠിപ്പിക്കുന്ന രീതിയെ ജനോപകാരാർത്ഥം ഇതിൽ പ്രയോഗിച്ചിരിക്കുന്നു.

സർവ്വകാര്യങ്ങളേയും തന്റെ വല്ലഭ ഭുജങ്ങളാൽ അനുഗ്രഹിക്കുന്ന സർവ്വശക്തനായ ദൈവം ഈ എന്റെ ബലഹീനത യത്നങ്ങളേയും തന്റെ അളവറ്റ കരുണയാൽ ആശീർവ്വദിപ്പാനായി തൃപ്പാദെ സവിനയം കാഴ്ച വെക്കുന്നു.

ബലഹീനനായ

പനയ്ക്കൽ യാക്കോബ് കത്തനാർ


കുന്നംകുളം,
1905 കന്നി.

സ്ക്രീൻ ഷോട്ട് ബഹു. ഇയ്യോബ് ഒ.ഐ.സി. അച്ചന് അയച്ചുകൊടുത്തപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ പുസ്തകത്തിന്റെ കോപ്പി ഉണ്ടെന്ന് പറയുകയും അടുത്ത ദിവസം തന്നെ ആയത് ലഭ്യമാക്കുകയും ചെയ്തു (ചരിത്രരേഖകളെ ഏറെ ബഹുമാനിക്കുകയും കോപ്പികൾ സൂക്ഷിക്കുകയും ആവശ്യക്കാർക്ക് ലഭ്യമാക്കുകയും ചെയ്യുന്ന ബഹു. അച്ചൻ എന്റെ ഇടവകക്കാരനും ബഥനി ആശ്രമ അംഗവുമാണ്. ഇപ്പോൾ പഴയസെമിനാരിയിൽ ഉപരിപഠനം നടത്തുന്നു).

ശ്രീ. സി. ഐ. ഡേവിഡ് പ്രസാധകനായി കുന്നംകുളം വാണീഭൂഷണം പ്രസ്സിൽ നിന്നും 1953-ൽ പ്രസിദ്ധീകരിച്ച അഞ്ചാം പതിപ്പിന്റെ (1000 കോപ്പി) ഒരു കോപ്പിയാണ് എന്റെ കയ്യിൽ ലഭിച്ചത്.

83 പേജുകളുള്ള പുസ്തകം വായിച്ചപ്പോൾ ആയതിലെ പല ആശയങ്ങളും ഏറെ അർത്ഥവത്തായതും ഇന്നത്തെ വിശ്വാസികൾ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതും ആണെന്ന് തോന്നിയതിനാൽ ഒരു ആസ്വാദന പഠനം നടത്തി ന്യൂസ് ബുള്ളറ്റിനിലൂടെ ഖണ്ഡശ പ്രസിദ്ധീകരിക്കാമെന്ന് കർത്താവിൽ ശരണപ്പെട്ട് എഴുതുന്നു.

ഗ്രന്ഥകർത്താവ്: പനയ്ക്കൽ യാക്കോബ് കത്തനാർ. ആരാണ് പനയ്ക്കൽ യാക്കോബ് കത്തനാർ എന്ന് അറിയുവാൻ ബ. ഡോ. ജോസഫ് ചീരനച്ചനെയാണ് ഫോണിൽ വിളിച്ചത്. അച്ചൻ അദ്ദേഹത്തെക്കുറിച്ച് ഏറെ ബഹുമാനത്തോടെ സംസാരിക്കുകയും അദ്ദേഹത്തെക്കുറിച്ചും അദ്ദേഹത്തിന്റെ രചനകളെക്കുറിച്ചും എഴുതിയിട്ടുള്ള രണ്ട് ലേഖനങ്ങൾ (കുന്നംകുളം ഇടവകപത്രിക, മാർച്ച് 2005, നവംബർ 2006) മകൻ ഡോ. പ്രസാദ് ചീരന്റെ സഹായത്തോടെ അയച്ചുതരുകയും ചെയ്തു.



1875 ജൂലൈ 28-ന് കുന്നംകുളം മിഷൻ അങ്ങാടിയിൽ പനയ്ക്കൽ വീട്ടിൽ ജനിച്ച ബഹു. യാക്കോബ് കത്തനാർ തൃശൂർ സി.എം.എസ്. ഹൈസ്കൂളിൽ സെക്കണ്ടറി വിദ്യാഭ്യാസവും മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ഉപരിപഠനവും പൂർത്തിയാക്കി. പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ (സഭാതേജസ്) അദ്ദേഹത്തിലെ പ്രതിഭ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും ആദ്യം പരുമല സെമിനാരിയിലും പിന്നീട് പഴയസെമിനാരിയിലും അദ്ദേഹത്തെ അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. പ. പരുമല തിരുമേനിയുടെയും വട്ടശ്ശേരിൽ മല്പാന്റെയും ശിഷ്യനും തുടർന്ന് സമകാലീനനായും മലങ്കരസഭയ്ക്ക് വൈജ്ഞാനിക ദർശനം നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. 1955 ആഗസ്റ്റ് 4-ന് മരിച്ചു.

നല്ല കവിയും എഴുത്തുകാരനും ആയിരുന്ന യാക്കോബ് മല്പാന്റെ ‘ദയയിൻ കടലിനെ ഞാൻ നോക്കും, ദേവാതനയാ എൻ പാപം പെരുകി പിഴകൾ....’ എന്ന വിവർത്തനം ഏറെ കാവ്യാത്മകമാണ്. കുന്നംകുളം ക്രിസ്ത്യാനികൾ ഇപ്പോഴും അനുതാപഗീതമായി ഈ വിവർത്തനം ഉപയോഗിക്കുന്നു. ഈ വിവർത്തനം ഉൾപ്പെടെ 44 വിവർത്തനങ്ങൾ 1928-ൽ എ.ആർ.പി. പ്രസ്സ്

കുന്നംകുളത്തു നിന്നും 'കീർത്തനമാല' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ കോപ്പികൾ കുന്നംകുളം പ്രദേശത്ത് പ്രസിദ്ധമാണ്.

കീർത്തനമാല ഉൾപ്പടെ അദ്ദേഹത്തിന്റെ 16 പുസ്തകങ്ങൾ 1905-നും 1955-നും ഇടയിൽ പ്രസിദ്ധീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. 'മാർ ദീവന്നാസ്യോസ് വിജയം' 'മാർ ദീവന്നാസ്യോസ് ചരമഗീതം' എന്നീ രണ്ടു കൃതികൾ തന്റെ ഗുരുവായ 'സഭാതേജസ്സ്' പുലിക്കോട്ടിൽ രണ്ടാമനെക്കുറിച്ച് അദ്ദേഹം രചിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും ശ്രദ്ധേയമായതും അനേകം പതിപ്പുകൾ ഇറങ്ങുകയും സണ്ടേസ്കൂൾ, ആത്മീയ സംഘടനകൾ, വേദവായന-പ്രാർത്ഥനായോഗങ്ങളിൽ പഠനവിഷയമാവുകയും ചെയ്തിട്ടുള്ള ഗ്രന്ഥമാണ് 'വി. കുർബ്ബാന ധ്യാനം' എന്ന കൃതി.

1905-ൽ ആദ്യ പതിപ്പ് ഇറങ്ങിയ ഈ കൃതി മലയാളത്തിൽ വിരചിതമായ ആദ്യ വി. കുർബാന വ്യാഖ്യാനമായിരിക്കണം എന്നും മറ്റ് ഗ്രന്ഥങ്ങൾ ചരിത്രത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും ഡോ. ജോസഫ് ചീരനച്ചൻ സാക്ഷിക്കുന്നു.

"അപ്പോസ്തോല സഭയിൽ ഉൾപ്പെട്ടവരും സത്യ ക്രിസ്തീയ ജീവിതത്തിൽ വളരുന്നവരും വിശുദ്ധ കുർബ്ബാനയിൽ തല്പരന്മാരുമായ എല്ലാവർക്കും എഴുതുന്നത്" എന്ന പ്രാരംഭ വാചകത്തോടെയാണ് യാക്കോബ് മല്പാൻ ഒന്നാം പതിപ്പിലെ തന്റെ മുഖവുര ആരംഭിക്കുന്നത്. "ദൈവത്തിന്റെ പ്രധാനാചാര്യനായ മെൽഖിസെദേക്ക് ആദിമുതലേ അപ്പത്തിലും വീഞ്ഞിലും ദൃഷ്ടാന്തപ്പെടുത്തിയതും ന്യായപ്രമാണകാലത്ത് കളങ്കമില്ലാത്ത കുഞ്ഞാടിൽ അദ്ഭുതമാകും വണ്ണം സാമ്യമായി കഴിച്ചു വന്നതും കാലാന്ത്യത്തിൽ ലോകപാപവാഹകനായ ദൈവകുഞ്ഞാടു തന്റെ തിരുമേനിയിൽ പരിപൂർണ്ണമാക്കിയതും ലോകാവസാനത്തോളം മശിഹായുടെ പിൻഗാമികളാൽ സ്മരിക്കപ്പെട്ടു വരുന്നതുമായ വി. കുർബ്ബാനയെക്കുറിച്ചുള്ള രഹസ്യങ്ങളെ ഗ്രഹിക്കുവാനോ ഗ്രഹിപ്പിക്കുവാനോ അസാദ്ധ്യമെന്നാണല്ലോ നാമേവരും വിചാരിക്കേണ്ടിയത്" എന്ന ആദ്യ വാചകം തന്നെ ഗ്രന്ഥത്തിന്റെ ആഴമേറിയ ചിന്താധാരകളിലേക്കുള്ള നാന്ദിവാചകമായി മനസ്സിലാക്കാം.

സഭാവിശ്വാസികൾക്ക് വി. കുർബ്ബാന വേദപുസ്തക വെളിച്ചത്തിൽ വേദശാസ്ത്രപരമായി ധ്യാനിക്കുവാനുള്ള ഒരു ഉപാധിയായി ഗ്രന്ഥം പരിണമിക്കട്ടെയെന്ന ആഗ്രഹപ്രകാരമാണ് താൻ ഈ ഉദ്യമത്തിന് മുതിരുന്നതെന്നും 'വിദ്വാന്മാരിൽ നിന്നും ജ്ഞാനികളിൽ നിന്നും മറച്ച്, ശിശുക്കൾക്കും ഉണ്ണികൾക്കും വെളിപ്പെടുത്തി കൊടുക്കുന്ന ദൈവം രഹസ്യങ്ങളെ സ്വല്പമായി എഴുതുവാൻ തന്നെ അനുവദിക്കുമെന്ന വിശ്വാസത്തിൽ ഈ കർമ്മത്തിന് മുതിരുന്നുവെന്നും" അദ്ദേഹം വിനയത്തോടെ രേഖപ്പെടുത്തിയിരിക്കുന്നു.

വി. കുർബ്ബാനയെക്കുറിച്ച് ആഴത്തിൽ അറിവുള്ളവർക്ക് ഈ പുസ്തകം ഉപകരിക്കപ്പെടണമെന്നില്ലെന്നും എന്നാൽ സാധാരണ വിശ്വാസികൾക്ക് വി. കുർബ്ബാനയിൽ ഭയഭക്തിയോടെ സംബന്ധിക്കുവാൻ രചന ഉപയുക്തമാകുന്നെങ്കിൽ തന്റെ ഉദ്ദിഷ്ട കാര്യം സിദ്ധിച്ചു എന്ന് താൻ കരുതുമെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

മലങ്കര ഇടവകയുടെ നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ് (V) മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കുന്നംകുളത്തെ സെഹിയോൻ ബംഗ്ലാവിൽ എഴുന്നള്ളിയിരുന്നപ്പോൾ കയ്യെഴുത്തുപ്രതി മുഴുവനായും വായിച്ചുകേട്ടതിൽ അത്യന്തം തൃപ്തിപ്പെടുകയും ഇതു പ്രസിദ്ധീകരിപ്പാൻ സന്തോഷപൂർവ്വം ആജ്ഞാപിച്ച് അനുമതി നൽകിയെന്നും ബ. അച്ചൻ സാക്ഷിക്കുന്നു.

ദിവ്യശ്രീ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് റമ്പാച്ചൻ അവർകളും ദിവ്യശ്രീ മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ അവറുകളും ഗ്രന്ഥം പൂർണ്ണമായും പരിശോധിച്ച് ഉപദേശങ്ങൾ നൽകിയതായും അവകളെ സ്വീകരിച്ച് ആവശ്യമായ തിരുത്തുകൾ വരുത്തി ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നുവെന്നും യാക്കോബ് മല്പാൻ മുഖവുരയിൽ (1905 കന്നി) രേഖപ്പെടുത്തിയിരിക്കുന്നു.

അഞ്ചാം പതിപ്പിന്റെ പ്രസാധകനായ ശ്രീ ചുങ്കത്ത് ഇയ്യുകുട്ടി ഡേവിഡിന്റെ പ്രസ്താവനയും ശ്രദ്ധേയമാണ്:

പ്രസ്താവന

പുണ്യശ്ലോകനായ പരിശുദ്ധ തോമാസ് അപ്പോസ്തോലനാൽ പാദസ്പർശം ചെയ്ത ആർത്താറ്റുകുന്നത്ത് സ്ഥാപിതമായ അതിമനോഹരമായ ആർത്താറ്റു പള്ളിയുടെ പരിശുദ്ധ ത്രോണോസിന്റെ ചുവടെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ ഇരുന്നു വിശുദ്ധ കന്യകമറിയാമിന്റെ അനുഗ്രഹത്താലും വി. റൂഹായുടെ ആവേശത്താലും എഴുതിയ ഈ മഹൽഗ്രന്ഥത്തിന്റെ ഒരു കോപ്പി ഭക്തജനങ്ങളായ അനേകർക്കും കിട്ടാതെ വിഷമിക്കുന്ന ഘട്ടത്തിലും ഇതിന്റെ ഗ്രന്ഥകർത്താവിനു ഇതിന്റെ അഞ്ചാം പതിപ്പ് അച്ചടിപ്പിക്കുവാനുള്ള പരിതസ്ഥിതി അനുവദിക്കാത്തതിനാലും ആണ് ഞാൻ ഇതു പ്രസിദ്ധീകരിപ്പാൻ പ്രേരിതനായത്. ഇതിനെ വിജയപ്രദമാക്കുവാൻ നിങ്ങൾ എല്ലാവരും സഹകരിക്കണം എന്നു അപേക്ഷിക്കുന്നു.

എന്ന്,

ചുങ്കത്ത് ഇയ്യുകുട്ടി ഡേവിഡ്

കുന്നംകുളം,
21-5-53.

പള്ളിയിൽ മണിയടിക്കുന്നതിന്റെ താല്പര്യം എന്ത് എന്നാണ് ഒന്നാം അദ്ധ്യായത്തിലെ ചർച്ച. "ക്രിസ്ത്യാനികളുടെ പട്ടണമായ ഗിരിവാപിയിൽ (ഗിരി = കുന്ന്, വാപി = കുളം) ദേവദാസൻ എന്ന ഒരാൾ പാർത്തിരുന്നു. ആ മനുഷ്യൻ കാനോനാ നടപടികളിൽ അതിതല്പരനും ശുശ്രൂഷാദികളിൽ അതിഭക്തനും ആയിരുന്നു..." എന്ന പ്രാരംഭ വാചകത്തിലൂടെ നാടകീയമായ ഒരു കഥാകഥനരീതിയാണ് ഗ്രന്ഥത്തിൽ ആദിയോടന്തം കാണുന്നത്. 'കായേന്റെ ഭീഷണികളാൽ ഹാബേലിന്റെ സൗമ്യഹൃദയം വ്യാകുലപ്പെട്ടിരുന്നതുപോലെയും ഏശാവിന്റെ ലോകോല്ലാസങ്ങളാൽ യാക്കോബിന്റെ ഭക്തിയേറിയ നടപടികൾ വിരുദ്ധപ്പെട്ടിരുന്നതുപോലെയും, ഈ മനുഷ്യൻ എല്ലായ്പ്പോഴും ഓരോ പ്രകാരമുള്ള ദുഃഖഹേതുക്കളാൽ മനോവേദനയോടെ പ്രാർത്ഥന കഴിച്ചുവന്നിരുന്നു' എന്ന വിവരണം ഗ്രന്ഥകാരന്റെ ആത്മകഥാനുഭവം ആയിരിക്കാമെന്ന് ബഹു. ചീരനച്ചൻ അഭിപ്രായപ്പെടുന്നുണ്ട്.

ആശ്രമധർമ്മങ്ങളിൽ 'ബ്രഹ്മചര്യം' (ബാല്യവും യൗവ്വനവും ഉൾപ്പെടുന്ന പഠനകാലം - ബ്രഹ്മത്തിൽ ചരിക്കുന്ന കാലം) 'ഗാർഹസ്ഥ്യം' (കുടുംബജീവിതം, ഉദ്യോഗം) എന്നിവയ്ക്കുശേഷം 'വാനപ്രസ്ഥ' (വാനത്തെ പ്രസ്തമായി കാണുക - വിശ്വത്തെ വാസസ്ഥലമാക്കുക - 'ലോകമെ തറവാട്" എന്ന മാനസികഭാവം ഉൾക്കൊണ്ട് സഞ്ചരിക്കുക) ത്തിലും തുടർന്ന് 'സന്യാസ' ത്തിലും (കാമ്യങ്ങളെന്നു തോന്നുന്ന സർവ്വകർമ്മങ്ങളെയും നിഷേധിച്ച് നിഷ്കാമ കർമ്മിയായി തീരുക) എത്തുന്നതാണ് മനുഷ്യജീവന്റെ ശ്രേഷ്ഠഭാവം എന്ന് ഭാരതീയ ദർശനങ്ങൾ പറയുന്നു. അവ്വണ്ണം ഒരു വാനപ്രസ്ഥത്തിൽ ജീവിക്കുന്ന ഭക്തന്റെ മനോഭാവങ്ങളിലൂടെയാണ് ഗ്രന്ഥകാരൻ ഗിരിവാപിയിലെ ആർത്താറ്റ് കുന്നിൽ ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയത്തിൽ ധ്യാനത്തിനായി എത്തിച്ചേരുന്നത്!

"ഈ ആലയവും അതിന്റെ മുറികളും ഒരു ചെറിയ കുന്നിന്റെ മുകളിൽ ഇരുവശവും വയലുകളാൽ ചുറ്റപ്പെട്ട, ഒരു വിശാലതയുള്ള സ്ഥലത്ത് പണികഴിക്കപ്പെട്ടിരിക്കുന്നതിനാൽ, അവിടെ താമസിക്കുന്നവർക്ക് നാലു നാഴിക ദൂരത്തു നിന്നും വരുന്ന കടൽകാറ്റുമേറ്റ്" ധ്യാനിക്കുവാൻ കഴിയുമെന്നും ഈ ഭക്തന് അവിടെ പാർക്കുന്നത് ഏറെ പ്രിയങ്കരം എന്നും അതിനാൽ എല്ലാ യാമങ്ങളിലും ദേവാലയത്തിൽ എത്തി നമസ്കാരങ്ങളിലും ശുശ്രൂഷകളിലും വി. കുർബ്ബാനയിൽ അത്യധികം ആനന്ദം കണ്ടെത്തിയിരുന്നുവെന്നും രേഖപ്പെടുത്തുന്നു.

ഗ്രന്ഥരചനയുടെ ഏതാണ്ട് 1850 വർഷങ്ങൾക്കു മുമ്പ് (എ.ഡി. 52-ൽ) പ. മാർത്തോമ്മാ ശ്ലീഹാ അന്നത്തെ ജൂത വ്യാപാരകേന്ദ്രമായിരുന്ന (ജൂതക്കുന്ന്) ഈ സ്ഥലത്ത് എത്തിച്ചേർന്ന് ക്രൈസ്തവ വിശ്വാസം പ്രസംഗിച്ച് വിശ്വസിച്ചവരെ കുന്നിന്റെ തെക്കെ ചരിവിലുള്ള 'ചാട്ടകുള"ത്തിൽ (വഞ്ചിക്കുളം) വി. മാമോദീസാ നൽകി കുന്നിനു മുകളിലെ യഹൂദാ സുനഗോഗ് ക്രൈസ്തവ ആരാധനകേന്ദ്രമാക്കി മാറ്റി എന്ന് വിശ്വസിക്കപ്പെടുന്നു. ആ പ്രദേശത്തെ മുഴുവൻ യഹൂദന്മാരും ഒന്നിച്ച് തങ്ങൾ കാത്തിരുന്ന മശിഹാ യേശുക്രിസ്തുവാണെന്നും അവന്റെ ശിഷ്യൻ യഹൂദാദേശത്തു നിന്ന് ഈ സന്ദേശം ചിതറിപ്പാർക്കുന്ന തങ്ങളെ അറിയിക്കുവാൻ യഹോവയാൽ അയയ്ക്കപ്പെട്ടവനാണെന്നും വിശ്വസിച്ചതിനാൽ യാതൊരു പ്രയാസങ്ങളും കൂടാതെ അവിടുത്തെ സിനഗോഗ് ക്രൈസ്തവ ആരാധനാലയമായി തീർന്നുവെന്ന് ചരിത്രകാരന്മാർ സാക്ഷിക്കുന്നു.

ദാവീദ് രാജാവിന്റെയും മകൻ ശലോമോൻ രാജാവിന്റെയും കാലം മുതൽ

എങ്കിലും (ബി.സി. 10–ാം നൂറ്റാണ്ട്) മലബാർ തീരത്ത് (മലങ്കരൈ) യഹൂദാ സാന്നിധ്യവും അവരുടെ വാണിജ്യകേന്ദ്രവും ഉണ്ടായിരുന്നുവെന്നും ഇവിടുത്തെ പ്രസിദ്ധമായ കുരുമുളക്, ആനക്കൊമ്പ് തുടങ്ങി അനേക വ്യാപാരവസ്തുക്കൾ അവർ ശേഖരിച്ച് പായ്‌വഞ്ചികളിലൂടെ അറബികടലിലെ തുറമുഖങ്ങളിൽ എത്തിച്ച് ലോകവ്യാപാര കേന്ദ്രങ്ങളിൽ കൊണ്ടുപോയി വിൽക്കുമായിരുന്നുവെന്നും അനേക തെളിവുകൾ ലഭിക്കുന്നുണ്ടല്ലോ. ഇതേ മാർഗ്ഗത്തിലാണ് വി. തോമാ ശ്ലീഹാ ഉൾപ്പെടെയുള്ള അനേക സഞ്ചാരികൾ 'മലങ്കര'യിൽ എത്തിച്ചേർന്നിരുന്നത് എന്നും അനുമാനിക്കുന്നതിൽ തെറ്റില്ല. 'മുസ്സരീസ്' എന്നും 'പട്ടണ'മെന്നും, 'കൊടുങ്ങല്ലൂർ' എന്നുമൊക്കെ ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നത് വിവിധ നൂറ്റാണ്ടുകളിൽ മലബാർ തീരത്ത് ഉണ്ടായിരുന്ന തുറമുഖങ്ങൾ ആയിരുന്നു. 'മുസ്സരീസ്' എന്ന പദത്തെ മൂന്ന് ചിറ അഥവാ തുറമുഖങ്ങൾ (ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ) ഉള്ള ഭൂപ്രദേശമെന്നും ഇവയുടെ പുറമെ അനേകം ഉപതുറമുഖങ്ങൾ (ചാവക്കാട്, പുതുവയ്പ്പ്, പുതുപൊന്നാനി മുതലായവ) വിവിധ കാലങ്ങളിൽ അറബികടലിന്റെ ഘടനാമാറ്റത്തിന് അനുസരിച്ച് ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നെന്നും 15–ാം നൂറ്റാണ്ടോടു കൂടി കൊച്ചി തുറമുഖം രൂപപ്പെട്ടതോടെ വാണിജ്യ-വ്യാപാരകേന്ദ്രം അങ്ങോട്ട് പ്രധാനമായും മാറ്റപ്പെട്ടുവെന്നുമൊക്കെ നാം വായിക്കുന്നുണ്ടല്ലോ.

ഞായറാഴ്ച രാവിലെ ദേവാലയത്തിലെ വലിയ മണി 33 തവണ അടിച്ചപ്പോൾ ധൃതിയോടെ എഴുന്നേറ്റു കുരിശുവരച്ചുകൊണ്ട് "കർത്താവേ എന്റെ അധരങ്ങളെ തുറന്നിരിക്കുന്നപ്രകാരം നിന്റെ രക്ഷയെക്കുറിച്ചു നിന്നെ സ്തുതിപ്പാൻ എന്നെ അനുവദിക്കണമെ" എന്ന പ്രാർത്ഥനയോടെ കുളിച്ചൊരുങ്ങി ദേവാലയത്തിലേക്ക് പുറപ്പെടുന്ന ഭക്തന്മാർ യാക്കോബ് മല്പാന്റെ പ്രസിദ്ധ വരികൾ ധ്യാനിച്ചു: "ജ്ഞാനിയേ! നീ മണിയുടെ നാദം കേൾക്കുമ്പോൾ ഉത്സാഹത്തോടെ വിശുദ്ധ സ്ഥലത്തേക്കു ഓടിയെത്തിക്കൊൾക!"

അപ്പോൾ മൂശെ ബർകീപ്പാ മണിയടിയുടെ അർത്ഥത്തെക്കുറിച്ച് വ്യാഖ്യാനിച്ചിരിക്കുന്നതും ഭക്തൻ ധ്യാനിക്കുന്നു.

1. കർത്താവിന്റെ കുരിശുമരണത്തെ ഓർത്ത് ധ്യാനിക്കുന്നു.

2. കാഹളനാദം പട്ടാളക്കാരെ ഒരുക്കുന്നതുപോലെ മണിനാദം പിശാചിനോടുള്ള പോരാട്ടത്തിനു വിശ്വാസികളെ വിളിച്ചുകൂട്ടുന്നു.

3. പോരാട്ടത്തിൽ വിജയിച്ചവരെ പാപമോചനത്തിനും നിത്യജീവനുമായി കൂട്ടിച്ചേർക്കുന്നു.

ആട്ടിടയന്റെ കുഴൽനാദം ചിതറിക്കിടക്കുന്ന അവന്റെ ആടുകളെ കൂട്ടത്തിലേക്കു കൊണ്ടുവരുന്നതുപോലെയും തള്ളപറവയുടെ ശബ്ദം അതിന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുന്നതുപോലെയും മണിനാദം വിശ്വാസികളെ ദേവാലയത്തിൽ കൂട്ടിച്ചേർക്കുന്നു. അവർ ദേവാലയത്തിന്റെ പൂമുഖത്തെത്തി തലതാഴ്ത്തി കുമ്പിട്ട് "ദൈവമേ! നിന്റെ ഭവനത്തിലേക്ക് പ്രവേശിച്ചു, നിന്റെ സിംഹാസനത്തിന്റെ മുമ്പാകെ ഞാൻ വന്ദിച്ചു സ്വർഗ്ഗസ്ഥനായ രാജാവേ! നിനക്കു വിരോധമായി ഞാൻ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളേയും എന്നോടു നീ ക്ഷമിക്കേണമേ" എന്ന് പ്രാർത്ഥിച്ച് ധ്യാനിച്ചുകൊണ്ട് ദേവാലയത്തിനകത്തേക്ക് ഭക്തിപൂർവ്വം പ്രവേശിച്ചു.

ഇത്രയും കാര്യങ്ങൾ വിവരിച്ചുകൊണ്ടാണ് ബ. അച്ചൻ തന്റെ ഒന്നാം അദ്ധ്യായം അവസാനിപ്പിക്കുന്നത്. തുടർന്നുള്ള പതിനാല് അദ്ധ്യായങ്ങളിലൂടെ വി. കുർബ്ബാനയുടെ ആഴമായ ഒരു പഠനവും ഒപ്പം പതിനഞ്ചു ധ്യാനങ്ങളും സമൃക്കായി ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു.

(തുടരും)

പുസ്തകം

നനവുള്ള തീരങ്ങൾ

ജാപ്പാനീസ് കലയായ Kintsugi യെ നിനവിൽ കൊണ്ടുവരുന്ന ഒരു പുസ്തകമാണിത്.

ഉടഞ്ഞു പോയ മൺപാത്രങ്ങളെ സ്വർണ്ണവും വെള്ളിയുമൊക്കെ കൊണ്ട് വിളക്കി യോജിപ്പിക്കുന്ന രീതിയാണത്. വിള്ളലുകളൊന്നും ഒളിപ്പിക്കേണ്ടതല്ല.

അടിമുടി ഉടഞ്ഞു പോയ ഒരു ദേശത്തെ വീണ്ടെടുക്കാൻ ഉറക്കമില്ലാത്ത മനുഷ്യർ കുതിർന്ന് പെടാപ്പണി ചെയ്യുന്ന ഈ ദിനങ്ങളിൽ , നനവുള്ള തീരങ്ങൾ ഒരിക്കൽ കൂടി വായിക്കുമ്പോൾ അതാണ് അനുഭവപ്പെട്ടത് .

വാക്കുകൾ കൊണ്ട് ജീവിതത്തിന് ഒരു വീണ്ടെടുപ്പ് സാധ്യമാണെന്ന ധൈര്യമാണ് വായനയുടെ ഫലശ്രുതി.

മനുഷ്യപുത്രൻമാരെ മടങ്ങി വരൂ എന്ന സങ്കീർത്തനങ്ങളിലെ ക്ഷണമാണ് മരണമെന്നൊക്കെ എഴുത്തുകാരൻ കുറിച്ചിടുമ്പോൾ ആശ്വാസത്തിന്റെ ഒരു തണുത്ത കാറ്റ് എന്നെ തഴുകിപോകുന്നു.

എല്ലാത്തിനും പരിഹാരമുണ്ട് മരണത്തിനൊഴികെ എന്ന ക്ലാസിക് പ്രസ്താവനയുടെ സൗമ്യമായ തിരുത്താണിത്.

മരണത്തിന് പരിഹാരമില്ലെങ്കിൽ ശേഷമുള്ള ഒരുത്തരങ്ങളിലും കഥയില്ല .


അനവധി മരണങ്ങളിലൂടെ കടന്നു പോയ മനുഷ്യരാണ് ഈ ചെറിയ പുസ്തകത്തിലൂടെ ഉള്ളിലേക്ക് ഉറ്റു നോക്കാൻ നിര തെറ്റാതെ നിൽക്കുന്നത്.

നമ്മൾ കടന്നു പോയിട്ടുള്ള അകത്തും പുറത്തുമുള്ള കഠിന വേദനകൾക്കുള്ള ചില ഔഷധങ്ങൾ അവരുടെ പൊക്കണത്തിലുണ്ട്.

ആ അർത്ഥത്തിൽ ഈ പുസ്തകം ഒരു വൈദ്യ ഭാവനയാണ്.

മെല്ലെ മെല്ലെ തരിശു നിലത്തിലെ മുൾ ചെടികൾ വേദപുസ്തകത്തിലെ എരിതീച്ചെടിയാകുന്നു.

ഒരിക്കൽ ഉപ്പു തൂണായി പോയവർ മിണ്ടിത്തുടങ്ങുന്നു.



തോറ്റവർ ലോകത്തിന്റെ നിറുകയിൽ നിന്ന് നിരാസക്തമായി പുഞ്ചിരിക്കുന്നു.

കട്ട മരത്തിലിരുന്ന് അലയൊടുങ്ങാത്ത ജീവിതത്തെ തീരത്തോട് തുന്നിചേർക്കാൻ പഠിപ്പിച്ച ഒരാളുടെ സൗമ്യസാന്നിദ്ധ്യം വരികൾക്കിടയിലെ പ്രസാദനിലാവാകുന്നു.

സ്വർണ്ണവും വെള്ളിയുമൊന്നും വേണ്ട,അത്തരം

കവിതയിൽ തീരെ കഴമ്പില്ല .

എന്നാൽ അരക്ക് ഞങ്ങളുടെ അവകാശമാണ് , ദൈവമേ !

പൊടിഞ്ഞ പിഞ്ഞാണങ്ങളെ ചേർത്തു വെക്കാൻ ഞങ്ങളുടെ അമ്മമാർ വീട്ടകങ്ങളിൽ ഉപയോഗിച്ചിരുന്ന അരക്ക് ...

സ്നേഹം മാത്രം,

– ബോബി ജോസ് കപ്പൂച്ചിൻ

വചനതീർത്ഥം

സ്ലീബാ പെരുന്നാളിന് ശേഷം രണ്ടാം ഞായർ

(വി. മത്തായി 16:5–12)

ഫാ. ജെറിൻ ജോൺ അടൂർ



പരീശന്മാരുടെയും സാദൂക്യരുടെയും ഉപദേശങ്ങളെ പരാമർശിക്കുന്ന വേദഭാഗമാണ് ഇന്നത്തേത്.

പരീശൻ എന്നതിനർഥം 'വേർപിരിഞ്ഞവൻ' എന്നാണ്. അവർ സമൂഹത്തിൽ നിന്ന് വേർപിരിഞ്ഞു നിയമം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു. പക്ഷേ, സാധാരണക്കാരായ ജനങ്ങളിൽ നിന്ന് അവർ വേർപിരിഞ്ഞു.

പരീശന്മാർ സിനഗോഗുകൾ ആരംഭിക്കുകയും നിയന്ത്രിക്കുകയും ചെയ്തു. പ്രാദേശിക ആരാധനയ്ക്കും വിദ്യാഭ്യാസത്തിനുമായി യഹൂദന്മാരുടെ യോഗസ്ഥലങ്ങൾ അവിടെ സ്ഥാപിച്ചു. അവർ പഴയനിയമത്തിന് വലിയ പ്രാധാന്യം നൽകി, പഴയനിയമത്തിൽ എഴുതപ്പെട്ട നിയമങ്ങളോടു തുല്യരാണ്.

പരീശന്മാരുടെയും സദൂക്യരുടെയും ഉപദേശത്തിന്റെ പ്രത്യേകത എന്ത്?

പരീശന്മാർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തത് എന്താണ്?

പരീശന്മാരുടെ വിശ്വാസങ്ങളിൽ മരണശേഷവും, ശരീരത്തിന്റെ പുനരുത്ഥാനവും, ചടങ്ങുകൾ സൂക്ഷിക്കേണ്ട പ്രാധാന്യവും, വിജാതീയരെ പരിവർത്തനം ചെയ്യേണ്ട ആവശ്യകതയുമാണ്.

ന്യായപ്രമാണം പാലിക്കുന്നതിലൂടെ ദൈവത്തിലേക്കുള്ള വഴി അവർ പഠിപ്പിച്ചതുകൊണ്ട്, പരീശന്മാർ ക്രമേണ യഹൂദമതത്തെ ഒരു ബലിമതത്തിൽ നിന്ന് കൽപനകളെ (നിയമവാദം) സൂക്ഷിക്കുന്ന ഒന്നായി മാറ്റി.

സുവിശേഷങ്ങൾ മിക്കപ്പോഴും പരീശന്മാരെ അഹങ്കാരികളായി ചിത്രീകരിക്കുന്നു. എന്നാൽ ഭക്തിയുടെ അടിസ്ഥാനത്തിൽ അവർ പൊതുവെ ബഹുമാനിക്കപ്പെട്ടു.

എന്നിരുന്നാലും, മത്തായി 23, ലൂക്കോസ് 11-ൽ കാണുന്ന പരീശന്മാരുടെ ശാസനയിലും, യേശു കപടഭക്തരായ ആളുകളെയും അവരുടെ പാപങ്ങളെയും വെളിപ്പെടുത്തി. അവൻ പരീശന്മാരെ ശവക്കുഴിയിലെ ശവക്കുഴിയിലേക്ക് താരതമ്യം ചെയ്തു. പുറം സുന്ദരമാണ്. എന്നാൽ ഉള്ളിൽ അശുദ്ധി നിറഞ്ഞതാണ്.

സദൂക്യർ യഹൂദ കൂട്ടായ്മയ്ക്കെതിരായിരുന്നു. എന്നാൽ രണ്ടു കൂട്ടരും യേശുവിനെതിരെ ഗൂഢാലോചന നടത്തി. മരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ന്യായാധിപസഭയിൽ അവർ ഒരുമിച്ച് വോട്ട് ചെയ്തു. റോമാക്കാർ അതിനെ പുറത്തെടുത്തു. ലോകത്തിന്റെ പാപങ്ങൾക്കായി സ്വയം ബലിയർപ്പിക്കുന്ന ഒരു മിശിഹായിൽ കൂട്ടായ്മക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.

ദുരുപദേശങ്ങളെ വിട്ടൊഴിവാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം

യേശു ഏഴപ്പം നാലായിരം പേർക്കായി വീതിച്ചു നല്കിയതിനു പിന്നാലെയാണ് സ്വർഗ്ഗത്തിൽ നിന്നും ഒരടയാളം വേണമെന്ന ആവശ്യവുമായി പരീശർ എത്തിയത്. അവരുടെ കാപട്യത്തിലും ഹൃദയകാഠിന്യത്തിലും മനസ്സുമടുത്ത യേശു അവരോട് വാദപ്രതിവാദത്തിനു മിനക്കെടാതെ വഞ്ചിയിൽ കയറി ഗലീലി തടാകത്തിന്റെ മറുകരയ്ക്ക് പോകുകയാണ് ചെയ്തത്.

ആ യാത്രക്കിടയിൽ യേശു തന്റെ ശിഷ്യർക്ക് വളരെ പ്രധാനപ്പെട്ട ഒരു മുന്നറിയിപ്പ് നല്കുകയാണ്: ചുരുക്കം ചിലരുടെ ദുരുദ്ദേശം കലർന്ന ചിന്തകളും തീരുമാനങ്ങളും വലിയൊരു ജനസമൂഹത്തെ എങ്ങിനെ സത്യത്തിൽനിന്നകറ്റി നിത്യനാശത്തിന്റെ കെണിയിലേക്ക് തള്ളിയിടുന്നു എന്നാണ് യേശു അവർക്ക് മനസ്സിലാക്കി കൊടുത്തത്.

ലക്ഷക്കണക്കിനു വരുന്ന യഹൂദജനത്തിന്റെ വളരെ ചെറിയ ഒരു ശതമാനം ആളുകൾ മാത്രമേ പരീശൻ മാർ ആയിട്ട് ഉള്ളു.യെഹൂദ ജനത്തിന് ആവശ്യമായ ആത്മീയനേതൃത്വം നല്കുകയായിരുന്നു പരീശൻമാരുടെ ചുമതല. എന്നാൽ, സ്വന്തം താല്പര്യങ്ങൾക്കും സൌകര്യങ്ങൾക്കും അനുസൃതമായി ദൈവവചനത്തെയും കല്പനകളെയും വ്യാഖ്യാനിച്ച നിയമജ്ഞരോട് കൂട്ടുചേർന്ന പരീശർ ജനത്തിന്റെ ആത്മീയ നന്മകളെക്കാളും പ്രാധാന്യം നല്കിയിരുന്നത് അവരുടെ ഇഷ്ടങ്ങൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നതിനാണ്. കാര്യസാധ്യത്തിനായി അവർ ചെയ്തിരുന്നത്, തങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ദൈവത്തിന്റെ വചനം വ്യാഖ്യാനിച്ച് അവ മാത്രം ജനങ്ങളെ പഠിപ്പിക്കുകയും, അവർക്ക് പ്രയോജനം ചെയ്യാത്ത വചനഭാഗങ്ങളുടെ നേരെ കണ്ണടയ്ക്കുകയുമായിരുന്നു.

ഒരല്പം പുളിമാവ് ചേർത്ത് കുറേനേരം വയ്ക്കുമ്പോൾ വളരെയധികം മാവ് പുളിക്കുന്നതുപോലെ, ചെറിയ ഒരു ശതമാനം വരുന്ന ഫരിസേയരുടെ ദുർവ്യാഖ്യാനങ്ങൾ കാലക്രമേണ ഭൂരിഭാഗം വരുന്ന സമൂഹത്തെ ദൈവത്തിൽ നിന്നകറ്റി ദുർമോഹികളും സ്വാർത്ഥരുമാക്കിത്തീർത്തു. പരീശരുടെ സ്വാധീനത്തിന്റെ ഫലമായി, നിരവധിയായ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും, യഹൂദജനത്തിലെ ഭൂരിഭാഗത്തിനും യേശുവിൽ വിശ്വസിക്കാൻ സാധിച്ചില്ല. അപ്പത്തെക്കുറിച്ച് ആകുലപ്പെട്ടിരുന്ന തന്റെ ശിഷ്യരുടെ ഹൃദയത്തിലും സമൂഹത്തിലാകെ പടർന്നുപിടിച്ചിരുന്ന അപകടകരമായ ആ പുളിപ്പിന്റെ അംശങ്ങൾ ഉണ്ടെന്നു മനസ്സിലാക്കിയാണ് യേശു അവരോട് ജാഗരൂകരായി ഇരിക്കാൻ ആവശ്യപ്പെടുന്നത്.

പരീശരെ പോലെ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവർ എന്ന ഭാവേന, ദൈവവചനത്തെ താന്താങ്ങളുടെ ഇഷ്ടവും സൌകര്യവും സാഹചര്യവും അനുസരിച്ച് വ്യാഖ്യാനം ചെയ്ത് ദൈവജനത്തെ സത്യദൈവത്തിൽ നിന്നും അവിടുത്തെ ശരീരമാകുന്ന സഭയിൽനിന്നും അകറ്റാൻ ശ്രമിക്കുന്ന ആളുകൾ നമ്മുടെ സമൂഹത്തിലും ഉണ്ട്. എണ്ണത്തിൽ കുറവെങ്കിലും, നമ്മുടെ കർത്താവ് മുന്നറിയിപ്പുതന്ന പുളിമാവ് പോലെതന്നെയാണ് ഇവരും – അവരോടൊപ്പം ഇടപഴകുന്നവരെയെല്ലാം അവർ കാലക്രമേണ ദൈവത്തിൽ നിന്നകറ്റി അവരുടെ കാര്യസാധ്യത്തിനായി ഉപയോഗിക്കും.

സത്യവിശ്വാസം ലോകത്തിന്റെ അതിരുകളോളം എത്തിക്കുന്നവർ എന്നു ഭാവിക്കാറുണ്ടെങ്കിലും, യേശുവിനെ അറിയാത്തവരോട് വചനം പറയാൻ അവർ താല്പര്യം കാട്ടാറില്ല. യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച വിശ്വാസികളോട് അവരുടെ വിശ്വാസം തെറ്റാണെന്നു പറഞ്ഞു തർക്കിക്കാനാണ് അവർ സമയം കണ്ടെത്തുന്നത്. അങ്ങനെയുള്ളവരെ തിരിച്ചറിയുക.



കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ FFRRC MTh (Assam, Manipur, Thamilnadu, Andrapradesh) വിദ്യാർത്ഥികൾ സ്റ്റഡി ടൂറിന്റെ ഭാഗമായി കൂനൻകുരിശ് തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു.



OF ‘AMIRAH’ AND ‘HAMIRAH’

(SECOND SUNDAY AFTER SLEEBA PERUNAL, MARK 16: 05-12)

Fr. Sajoie Samuel

Constantly in the gospels we see the Pharisees and Saducees trying to create hurdles in the activities of Jesus. They saw Jesus feeding 5,000 men and later 4,000 men with a handful of bread and fish. Still they are unwilling to accept Jesus as the son of God and continuely try to hunt Him down so as to prove that they were superior to Him. The lame could walk, the blind could see, the dumb could talk and the deaf could hear. But they failed miserably. The more they failed, the more they were creating trouble for the Messiah. Hence Jesus asks His disciples to be cautious of them.

Once in France they was a lady who was born blind. Once, one of her friends gifted her the Gospel of Mark in braille. She was so impressed by reading the Gospel that she read it again and again until her finger tips became callused and lost their sensivity. Her love for the Bible made her cut off the calluses and with bloody fingers she read Mark's gospel once again. Finally she damaged her nerves so badly that she permanently lost all feeling in her finger tips. Devastated she held the copy in her hands one last time and literally kissed it goodbye. It was at that time she discovered that her lips were more sensitive than her fingers. Hence she continued to study the gospel with renewed fervor.

If we have the dedication to follow Jesus Christ, then none can stop us. But if we are looking for excuses to stay away from our spiritual beliefs, then we are condemning ourselves. In today's Evangelion we see Jesus instructing His discipes to be mindful of the yeast of the Pharisees and Saducees. The discipes wrongfully comprehend it to not taking bread with them. Jesus then points out to them their folly and asks them to be vigilant. Let us delve deep and find out the message we get from today's Evangelion.

I. GENTLY REBUKE OTHERS TO BRING THEM TO THE TRUE FAITH

Here Jesus is gently scolding His disciples when they are not able to understand the import of His words. He gently, but firmly guides them because He knows the reason why they were not able to understand the true meaning. In the original Aramaic they spoke, the words for "teaching" (Aramaic 'Amira') and for "leaven" (Aramaic 'Hamirah') were homonyms. They were words that spelled differently but were alike in their pronunciation. Jesus meant the leaven of the teaching of the Pharisees and Saducees, their hypocritical rejection of Him and not the leaven of the breads they might provide to the hungry. Secondly, they were yet to receive the Holy Spirit, who would make them understand the nuances of the Kingdom of Heaven. Hence, Jesus is very gentle on them.

Nowadays are friendships are embellished with sugar coated words that are meant to flatter us and not correct. Hence our friendships are more of a trap for us than a blessing. Friends are supposed to be mirrors that reflect our distorted image, and help us to make amends. When we get an opportunity to show the right path to our brethren, we need to do so whole heartedly. Naaman's servant guided her master to obey the words of the prophet Elisah which result in his been cured of his leprosy (2 Kings 05). Let's not forget if we humans abstain from our responsibilities God will give speech to donkeys to show us where we have erred (Numbers 22).

By correcting others we are freeing ourselves of judgment. It is a win win situation for us and for the person who is erring. We are providing the other person, the chance to reclaim his/her innocence. Jesus said to His disciples: 'If your brother sins against you, go and tell him'. Here is brief but clear advice that when we see someone in sin, we ought to talk with him or her about it. By correcting others, we become true servants of the Lord. 2Timothy 2:24-26. "A servant of the Lord should be kind to everyone, able to teach, and correct opponents with gentleness".

It's the correction of Jesus that helped the disciples to become stalwarts of the faith. After they recieved the Holy Spirit, they realised their follies and were staunch in their faith.

II. BREAK FREE FROM THE PHYSICAL WORLD TO EMBRACE THE SPIRITUAL LIFE

A horse is made to wear a mask, so that it focuses only on things ahead and not get diverted. Similarly, living in this world, we are forced to wear masks that limit our spiritual insights but make us engrossed in earthly affairs. Jesus constantly tries to steer the thoughts of His disciples and the people who followed Him, to His Heavenly Father so that they could be alleviated from their miseries. For this purpose, Jesus teaches them several parables that focused on heaven and God. The Holy Spirit was promised to the believers so that they would be divinely guided.

Nicodemus is unable to decode how to be born again. Inspite of being an erudite person, he isn't able to contemplate how to be reborn spiritually (John 03). Jesus talks about life giving water that would expedite the spiritual revival of an individual, but the Samaritan woman is unable to understand it in context (John 04). The Rich Young Man is like an angel on earth, following all precepts but when it comes to cementing his bond with the Heavenly Father, he is found wanting (Mark 10: 17-27).

Some creatures are always in dirt whether on earth or in sky. The pig can always be found in dirty waters, searching for food in the mire. The eagle, though it flies high, it's eyes are fixated on rotting carcass and decay on earth. Being at a height doesn't mean we are safe from what is bad and profane. Nature teaches us through the lotus, to be pure, even when in muddy waters. Evil will always be prevalent on earth. Darkness will be there, where there is the concept of light. So we have to be judicious enough to pick up only that which is true, so as to not jeopardize our spiritual existence.

To conclude, let us have the leaven of good deeds. The leaven that will help us to focus on the life in Heaven, even while living on earth. Leaven has the capacity to rise up. It will ferment and multiply. Let us multiply with good deeds and make our earth, a paradise where we are improving ourselves and also giving encouragement to others by guiding them to the Ultimate Truth. May the Holy Spirit strengthen us to realise these spiritual insights. Amen.

◆



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഡിജിറ്റലൈസേഷൻ പദ്ധതിയുടെ ഭാഗമായി കേന്ദ്രീകൃത ഡാറ്റ സെന്റർ പ. കാതോലിക്കാ ബാവാ കൂദാശ ചെയ്തു. സഭാ സംബന്ധമായ എല്ലാ വിവരങ്ങളും കേന്ദ്ര, ഭദ്രാസന, ഇടവകതലത്തിൽ സ്വരൂപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡാറ്റാ സെന്റർ രൂപീകരിക്കുന്നത്. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ വക്താവ് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പാ, ഫാ. ബൈജു ജോൺസൻ, ഫാ. ബ്രിജിത്ത് കെ. ബേബി എന്നിവർ സന്നിഹിതരായിരുന്നു.



വി. കുർബാനക്രമത്തിന്റെ 100-ാം പതിപ്പ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വി. കുർബാനക്രമത്തിന്റെ 100-ാം പതിപ്പിന്റെ പ്രകാശന കർമ്മം ഇന്ന് വിശുദ്ധ കുർബാനയ്ക്കു ശേഷം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മലങ്കര സഭ മാനേജിങ് കമ്മറ്റി അംഗവും സഭയുടെ വിവാഹ സഹായ സമിതി കൺവീനറുമായ എ. കെ. ജോസഫിന് നൽകി പ്രകാശനം ചെയ്തു.



കാനഡയിൽ പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള കാനഡയിലെ ബ്രിട്ടീഷ് കൊളംബിയയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയെ പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനി കാനഡയിലെ പരുമല എന്ന നാമധേയം നൽകി. പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനിയുടെ കൽപ്പന ഇടവക മെത്രാപ്പോലീത്താ തോമസ് മാർ ഇവാനിയോസ് സെന്റ് ജോർജ് ദേവാലയത്തിൽ നടന്ന സമ്മേളനത്തിൽ വായിച്ച് പ്രഖ്യാപനം നടത്തി.



ഡോ. ജേക്കബ് മണ്ണുമ്മൂട് സഭയുടെ പി.ആർ.ഒ.

ദേവലോകം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പി. ആർ.ഒ. ആയി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ ഡോ. ജേക്കബ് മണ്ണുമ്മൂടിനെ നിയമിച്ചു.

അമയന്നൂർ കാരാട്ടു കുന്നേൽ സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്, കോട്ടയം ബസേലിയോസ് കോളജിൽ നിന്ന് ബിരുദവും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്ന് ബിരുദാനന്തര ബിരുദവും അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് റിലേഷൻസിൽ ബിരുദാനന്തരബിരുദ ഡിപ്ലോമായും നേടി. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ കീഴിൽ സി. അന്തപ്പായിയുടെ കൃതികളെ കുറിച്ചു നടത്തിയ ഗവേഷണത്തിന് 2005-ൽ പി.എച്ച്.ഡി. ബിരുദം ലഭിച്ചു.

മലയാള വിമർശനത്തിന്റെ പൂർവമുഖം, സമാധാനത്തിന്റെ വൈരുദ്ധ്യാത്മികത തുടങ്ങിയ ഗ്രന്ഥങ്ങൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ ജീവിതവും ദർശനവും എന്ന ഗ്രന്ഥത്തിന്റെ എക്സികുട്ടീവ് എഡിറ്ററായിരുന്നു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന സെക്രട്ടറി, ഓർത്തഡോക്സ് യുവജനം മാസിക എഡിറ്റർ, പാമ്പാടി എം.ജി. എം അഭയഭവൻ, ബാലഭവൻ കൗൺസിൽ അംഗം, കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മുഖപത്രമായിരുന്ന ജ്യോതിർഗമയ പത്രാധിപ സമതിയംഗം, പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ ബോർഡംഗം, സഭാ പരിസ്ഥിതി കമ്മീഷൻ കേന്ദ്ര സമിതി അംഗം, മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻ സമതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



മലങ്കര സഭയിലെ വൈദികരുടെ മക്കളുടെ സൗഹൃദ കൂട്ടായ്മയായ ഒലിവിന്റെ സമ്മേളനം വൈദിക സംഘം പ്രസിഡൻറ് ഡോ. മാത്യൂസ് മാർ തീമോത്തിയോസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.